കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മമ്പാട് ഗ്രാമപഞ്ചായത്ത്

## 2016-17ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം ജില്ല.

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.എം.പി.എം.26/1803/2017

സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം ജില്ല.

e-mail:dompm.ksad@kerala.gov.in

തീയതി.08-09-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മമ്പാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മമ്പാട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1). ഡയറക്ടർ, ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.എം.പി.എം.26/1803/2017

തീയതി.08-09-17

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.12.2016 മുതൽ 14.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.എസ്. ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.07.2017 മുതൽ 22.07.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സതീഷ് എം.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. വേലായുധൻ.കെ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രാമകൃഷ്ണൻ .ടി, ഓഡിറ്റർ |
| | ശ്രീമതി. സുജാത.എം, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. റുഖിയ കണ്ണിയൻ | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ. അവിസന്ന. പി (ഇൻചാർജ്) | 01-04-2016 മുതൽ 03-04-2016 വരെ |
| | ശ്രീ. എം. ജിനചന്ദ്രൻ | 04-04-2016 മുതൽ 07-08-2016 വരെ |
| | ശ്രീ. അബ്ദുൾ മജീദ്.പി.എം | 08-08-2016 മുതൽ 30-10-2016 വരെ |
| | ശ്രീ. അവിസന്ന. പി (ഇൻചാർജ്) | 31-10-2016 മുതൽ 18-01-2017വരെ |
| | ശ്രീ. ആർ.പി. സുബ്രഹ്മണ്യൻ | 19-01-2017 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ.

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി എൻജിനീയർ | ശ്രീ.കുഞ്ഞഹമ്മദ്. വി.പി | 01-04-2016 മുതൽ 31-05-2016 വരെ |
| | ശ്രീ.സേതുമാധവൻ.കെ | 01-06-2016 മുതൽ 03-11-2016 വരെ |
| | ശ്രീ. സഞ്ജു.പി.നായർ | 04-11-2016മുതൽ 24-03-2017 വരെ |
| | ശ്രീമതി. ആസിഹാ ബീവി | 25-03-2017 മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ശ്രീജു. പി. പ്രേമൻ | 01-04-2016 മുതൽ 23-06-2016 വരെ |
| | ശ്രീ. സുബൈർ ബാബു.കെ | 24-06-2016 മുതൽ 31-01-2017 വരെ |
| | ശ്രീമതി. തസ്നിമോൾ. എ | 01-02-2017 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ആയിശ കുട്ടി. ഇ | 1-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. അബ്ദുൾ നാസർ | 01-04-2016 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. മനോജ് എം വർഗ്ഗീസ് | 01-04-2016 മുതൽ 31-03-2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ബി. തങ്കപ്പൻ | 01-04-2016 മുതൽ 31-03-2017 വരെ |
| വി.ഇ.ഒ | ശ്രീ. പ്രശാന്ത് | 01-04-2016 മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. പുഷ്പജ | 01-04-2016 മുതൽ 08-09-2016 വരെ |
| | ശ്രീമതി. മൃദുല.കെ | 09-09-2016 മുതൽ 31-03-2017 വരെ |

| | | |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ.പി.സി. സുദേവൻ | 01-04-2016 മുതൽ 04-11-2016 വരെ |
| | ഒഴിവ് | 05-11-2016 മുതൽ 31-03-2017 |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | റെഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല | 2-1 | |
| 13 | മൊബൈൽ ടവർ നിർമ്മാണ പെർമിറ്റ് -ഉണ് നിർമ്മാണങ്ങൾക്ക് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് | 2-2 | |
| 14 | ഡി & ഒ ലൈസൻസ് - അപാകതകൾ | 2-3 | |
| 15 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്- 3300/- രൂപയുടെ നഷ്ടം | 2-4 | |
| 16 | ഷോപ്പിംഗ് കോംപ്ലക്സ് - വാടക അപാകതകൾ | 2-5 | |
| 17 | സ്ഥാപന നികുതി അടവാക്കിയിട്ടില്ല | 2-6 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 18 | സാക്ഷരതാ പ്രേരകുമാർക്ക് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയത്- ക്രമീകരണ വിവരമില്ല. | 3-1 | |
| 19 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 3-2 | |
| 20 | ആശ്രയ പദ്ധതി--ചെലവില്ലാതെ മുടങ്ങിക്കിടക്കുന്നു. | 3-3 | |
| 21 | കുടിവെള്ള വിതരണം--നിർവ്വഹണത്തിലെ അപാകതകൾ | 3-4 | |

| | | | |
|---|---|---|---|
| 22 | ലൈബ്രറി സെസ്സ് അടവാക്കൽ--സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-5 | |
| 23 | സാനിട്ടറി യൂണിറ്റിന് അഡ്വാൻസ് നൽകിയത്--പ്രവൃത്തി പൂർത്തീകരിച്ചില്ല. | 3-6 | |
| 24 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, പൊതു ടാപ്പുകളുടെ വെള്ളക്കരം--നടപടികൾ സ്വീകരിച്ചില്ല. | 3-7 | |
| 25 | ഡെപ്പോസിറ്റ് വർക്കുകൾ --പൂർത്തീകരണ വിവരമില്ല | 3-8 | |
| 26 | മഴക്കാല പൂർവ്വരോഗ പ്രതിരോധ പ്രവർത്തനങ്ങൾ--തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല. | 3-10 | |
| 27 | അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം-ഗുണമേൻമ പരിശോധന നടക്കുന്നില്ല. | 3-11 | |
| 28 | പച്ചക്കറി കൃഷി പ്രോൽസാഹനം പദ്ധതി - പ്രോജക്റ്റ് വിഭാവനം ചെയ്തതിന് വിരുദ്ധമായി തുക ചെലവഴിച്ചു | 3-12 | |
| 29 | ഒ ഡി എഫ് അധിക വിഹിതം പദ്ധതി - തുക ലഭിച്ചിട്ടും പ്രോജക്റ്റ് നടപ്പാക്കാത്തത് സംബന്ധിച്ച് | 3-13 | |
| 30 | ഇ എം എസ് ഭവനപദ്ധതി - നാളിതുവരെയും പൂർത്തീകരിച്ചില്ല | 3-14 | |
| 31 | ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 3-15 | |
| 32 | മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തനതുഫണ്ട് വകയിരുത്തി | 3-17 | |
| 33 | കേരളോത്സവം - സ്പോർട്സ് ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല. | 3-18 | |
| 34 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) നടപ്പിലാക്കിയ പദ്ധതികളിലെ അംഗീകരിക്കാത്ത ചെലവുകൾ. | 3-19 | |
| 35 | തുടർ വിദ്യഭ്യാസ പരിപാടി -രേഖകൾ ഹാജരാക്കിയില്ല. | 3-20 | |
| 36 | പരിരക്ഷ – അവശ്യ മരുന്നുകൾ ലഭ്യമായില്ല | 3-21 | |
| 37 | മാനസിക- ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - അപാകതകൾ | 3-22 | |
| 38 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) നടപ്പിലാക്കിയ പദ്ധതികൾക്ക് വാഹനം തെരഞ്ഞെടുത്തതിലെ അപാകതകൾ | 3-23 | |
| 39 | മരുന്നുകൾ ലഭ്യമായില്ല. | 3-24 | |
| 40 | പി.എച്ച്. സി യിലേക്ക് മരുന്നും മറ്റും വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-25 | |
| 41 | കിണറിന് അധിക അളവ് അനുവദിച്ചത് . | 3-26 | |
| 42 | കുടിവെള്ള വിതരണ പദ്ധതി – വിശദ വിവരങ്ങൾ നൽകേണ്ടതാണ്. | 3-27 | |
| 43 | പ്രബലിത സിമന്റ് കോൺക്രീറ്റിന് നിരക്ക് തെറ്റായി അനുവദിച്ചത് . | 3-28 | |
| 44 | റോഡ് കോൺക്രീറ്റിന് ഉയർന്ന നിരക്ക് അനുവദിച്ചത്. | 3-29 | |

| | | | |
|---|---|---|---|
| 45 | പൊതുമരാമത്ത് പ്രവർത്തികൾ – നേരിടുന്ന പ്രശ്നങ്ങൾ. | 3-30 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 46 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 47 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 49 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 50 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 51 | ഓഡിറ്റ് റിക്കവറി | 4-6 | |
| 52 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 55 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 | |
| 56 | Audit Certificate | അനുബന്ധം 2 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 22.03.2016 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 12.06.2017 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 15.07.2017 | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

വാർഷിക കണക്ക് പരിശോധന – അപാകതകൾ

1)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 58 പ്രകാരമുള്ള നടപടികൾ പൂർണ്ണമല്ല.

2)ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

3)ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ സ്ഥാവര ജംഗമ ആസ്തികളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

4)വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5)ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ബഡ്ജറ്റ് ഫംഗ്ഷൻ -ഫംഗ്ഷനറി അടിസ്ഥാനത്തിൽ സാംഖ്യാ വാർഷിക കണക്കുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല.

6)ഗ്രാമപഞ്ചായത്തിന് പിരിഞ്ഞു കിട്ടാനുള്ള സംശയാസ്പദമായ തുകക്ക് പ്രോവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7)തൊഴിൽ നികുതി- വ്യാപാരികൾ, തൊഴിൽ നികുതി - ജീവനക്കാർ, ഡി&ഒ ലൈസൻസ് എന്നീ ഇനങ്ങളിലെ ഡിമാന്റ്, കളക്ഷൻ തുകകൾ വാർഷിക കണക്കിലും ഡിമാന്റ് രജിസ്റ്ററിലും വ്യത്യസ്തമായി രേഖപ്പെടുത്തിയിരിക്കുന്നു. വ്യാപാരികളുടെ തൊഴിൽ നികുതിയിനത്തിൽ മുൻവർഷം കുടിശ്ശികയില്ലെങ്കിലും, തൻവർഷം കുടിശ്ശിക വരവ് രേഖപ്പെടുത്തിയിരിക്കുന്നു.

8)ഓഡിറ്റ് റിക്കവറി ഇനത്തിൽ രേഖപ്പെടുത്തിയ തുക വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തമില്ല.

9) അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല. തൻമൂലം മുഴുവൻ അഡ്വാൻസ് വിവരങ്ങളും ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5123252 |
| വരവ് | 60335543 |
| ആകെ | 65458795 |
| ചെലവ് | 56054989 |
| നീക്കിയിരിപ്പ് | 9403806 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ കാലഹരണപ്പെട്ട തുക | ചെലവ് ശതമാനം | നീക്കിയിരിപ്പ് **40(b)** പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14924388 | 14924388 | 11200491 | 3723897 | 75 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5286435 | 5286435 | 2254747 | 3031688 | 43 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2464116 | 2464116 | 1352500 | 1111616 | 55 | 0 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 6473877 | 6473877 | 4176450 | 2297427 | 65 | 0 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 4010523 | 4010523 | 3473716 | 536807 | 87 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8369875 | 8369875 | 6739009 | 1630866 | 81 | 0 |

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ കാലഹരണപ്പെട്ട തുക | ചെലവ് ശതമാനം | നീക്കിയിരിപ്പ് **40(b)** പ്രകാരം |
|---|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 0 | 504844 | 504844 | 476242 | 28602 | 94 | 0 |
| എൻ.ആർ. ഇ.ജി.എസ്. | 3224 | 34387736 | 34390960 | 34388194 | | 99.9 | 2766 |
| ബി ഫണ്ട് | 0 | 48734860 | 48734860 | 48734860 | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 257 | 73022629 | 164 | 40441189 | 56 | 37 | 63.81 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 52 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3422410 | 5376596 | 1954186 | 57(+) |
| നികുതിയേതര വരവുകൾ | 460378 | 624204 | 163826 | 36(+) |
| മറ്റുവരവുകൾ | 208950 | 214005 | 5055 | 2(+) |
| ആകെ | 4091738 | 6214805 | 2123067 | 52(+) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 657840 | 392 |
| കർഷക തൊഴിലാളി പെൻഷൻ | 3971860 | 441 |
| വിധവാ പെൻഷൻ | 17199400 | 1548 |
| വാർദ്ധക്യകാല പെൻഷൻ | 20896415 | 2009 |
| വികലാംഗ പെൻഷൻ | 5026125 | 475 |

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിവാഹ ധന സഹായം | 480000 | 16 |
| 50വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 469220 | 39 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കളക്ഷൻ തുക അന്നേ ദിവസം അക്കൗണ്ടിൽ അടവാക്കുന്നതിനാൽ നീക്കിയിരിപ്പൊന്നും അവശേഷിക്കുന്നില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം.

പ്രത്യേക പരാമർശമില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.03.2017 | 01.04.2017 മുതൽ 30.04.2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.08.2016 മുതൽ 30.08.2016 വരെ | 2011-12 മുതൽ 2015-16വരെ | 30.01.2017 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 റെഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല

2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 137(4) പ്രകാരം പെർമിറ്റ് എടുക്കാത്തവയിൽ പെർമിറ്റ് ഫീസിനോടൊപ്പം പെർമിറ്റ് ഫീസിന്റെ ഇരട്ടി ഈടാക്കി കെട്ടിടങ്ങളുടെ ക്രമവൽക്കരണം നടത്തേണ്ടതാണ്. എന്നാൽ താഴെ പറയുന്ന ഗാർഹിക ഉപയോഗത്തിനുള്ള പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തീകരിച്ച വ്യക്തികളിൽ നിന്നും റെഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല .

| ക്രമ നം. | വിട്ടുടമയുടെ പേരും വിലാസവും | വിസ്തൃതി | വാർഡ് നം./കെട്ടിടനമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | മായിൻ ഭാര്യ സുബൈദ കുടി അവുഞ്ഞിപ്പുറം, മമ്പാട് പി ഒ | 116m2 | 14/494C | ഈടാക്കേണ്ട ഫീസ് – 116 x 3 x 3 = 1044 |
| 2 | ഹൈദ്രലി കാമ്പ്രത്ത്, മമ്പാട്<br>(വാണിജ്യ കെട്ടിടം) | 101m2 | 12/1A | ഈടാക്കിയ ഫീസ് -505 രൂപ<br>ഈടാക്കേണ്ട ഫീസ് – 101 x 5 x 3 = 1515 |

| | | | | |
|---|---|---|---|---|
| | | | | കുറവ് 1010/- രൂപ |
| 3 | അഫ്സൽബാബു കുന്നതൊടിക കുറത്തീയാർപൊയിൽ, നടുവത്ത് | 248m2 | 14/85A | പെർമിറ്റ് നം. A2 3217/14-15(14)പ്രകാരം 236m2 നാണ് പെർമിറ്റ് . അധിക 12m2ന്<br>ഈടാക്കേണ്ട ഫീസ് - 12x3x3=108രൂപ |
| 4 | മുഹമ്മദ്കോയ ഇയ്യനാംകുന്നേൽ മേപ്പാടം, പന്തലിങ്ങേൽ | 104m2 | 16/39A | ഈടാക്കേണ്ട ഫീസ് - 104 x 3 x 3 = 936 |
| | ആകെ | | | 3098/-രൂപ |

നഷ്ടതുക മേൽ വ്യക്തികളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവർ നിർമ്മാണ പെർമിറ്റ് - ഫീസ് ഈടാക്കാത്തത് സംബന്ധിച്ച്

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടം 130 (4) പ്രകാരം മൊബൈൽ ടവറുകൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷാഫീസ് 1000 രൂപയും, 130(4) (a) പ്രകാരം പെർമിറ്റ് ഫീസ് 10,000 രൂപയും, 130(4) (b)പ്രകാരം ളുണ് നിർമ്മാണങ്ങൾക്ക് 2500 രൂപയും ഫീസ് ഈടാക്കിയാണ് നിർമ്മാണാനുമതി നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന സ്ഥാപനത്തിന് മൊബൈൽ ടവർ നിർമ്മാണ പെർമിറ്റ് അനുവദിച്ചപ്പോൾ ചട്ടം ഫീസ് 130(4) (b) പ്രകാരമുള്ള ഫീസ് (ളുണ് നിർമ്മാണം) ഈടാക്കിയില്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

ഐഡിയാ സെല്ലുലാർ ഇൻഫ്രാ സ്ട്രക്ച്ചർ ലിമിറ്റഡ്

എൻ ജെ ടവർ, വൈറ്റില പി ഒ, എറണാംകുളം

പെർമിറ്റ് നം.എ2 -7506/16

കെട്ടിടനമ്പർ - I/342A

അപേക്ഷ ഫീസ് & പെർമിറ്റ് ഫീസ് ഈടാക്കിയത് - 11,000 രൂപ

രശീതി നം. / തീയ്യതി - 11613101044/16.11.2016

പ്രസ്തുത തുക മേൽ സ്ഥാപനത്തിൽ നിന്നോ വീഴ്ചക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് - അപാകതകൾ

മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ഡി & ഒ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ലൈസൻസ് ചട്ടങ്ങൾ പാലിക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം12 3(ഡി)പ്രകാരം അഞ്ച് കുതിരശക്തിയിൽ കവിയുന്ന യന്ത്രമുപയോഗിച്ചുകൊണ്ടും പരിസര മലിനീകരണം ഉണ്ടാക്കുന്നതുമായ സ്ഥാപനങ്ങൾക്ക് ലൈസൻസ്

നൽകുമ്പോൾ ഇതര സ്ഥാപനങ്ങളുടെ പ്രത്യേക അനുമതി പത്രം ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ആയത് പാലിക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | ഹൈഡ്രലി എൻ മാനേജിംഗ് പാർട്ട്നർ, ഫെറോക്ക് ക്ലേ ആന്റ് ടൈൽസ്, കാട്ടുമുണ്ട ഓട്ടു കമ്പനി<br>(90 HPമോട്ടോർ) | ഒരു രേഖയുമില്ല, അപേക്ഷ മാത്രം |
| 2 | ഉബൈദ് പി, നാലുകുടി പറമ്പിൽ, തോട്ടിന്റെക്കര (പി.ഒ)<br>ഫർണ്ണീച്ചർ നിർമ്മാണം<br>(15.5 HPമോട്ടോർ) | ഫോറസ്റ്റ്&വൈൽഡ് ലൈഫ് വകുപ്പിൽ നിന്നും ലഭിച്ച DFO/NBR/11C/801 dt.12.12.14 നം. ലൈസൻസ് പ്രകാരം 11.07.16 വരെ മാത്രം പ്രവർത്തിക്കുവാൻ അനുമതിയുള്ളൂ. എന്നാൽ ഗ്രാമപഞ്ചായത്ത് വർഷം മുഴവൻ പ്രവർത്തനാനുമതി നൽകി |
| 3 | ഇ.രഞ്ജിത്ത്കുരുവിള, മാനേജിംഗ് ഡയറക്ടർ, മാർഡക്സ് ആർ കെ ലാറ്റക്സ് ലിമിറ്റഡ്, മമ്പാട് | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും consent to operate സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് വർഷം മുഴവൻ പ്രവർത്തനാനുമതി നൽകി |
| 4 | ഷാജി മൻഹർ, പാനോലൻ, കരുളായി (24 HPമോട്ടോർ)<br>റബ്ബർതടി ഉപയോഗിച്ച് ഫർണീച്ചർ നിർമ്മാണം | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും consent to operate സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് വർഷം മുഴവൻ പ്രവർത്തനാനുമതി നൽകി |
| 5 | ദാസ് വുഡ് ഇൻഡസ്ട്രീസ്, പൂളക്കൽ (22 HP) | സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ല. |
| 6 | ജാസ്സ ഫർണ്ണീച്ചർ, മമ്പാട് (20 HP) | ഫോറസ്റ്റ് &വൈൽഡ് ലൈഫ് വകുപ്പിൽ നിന്നുള്ള ലൈസൻസ് ഇല്ല. |
| 7 | അബ്ദുൾകരീം കപ്പച്ചാലി, വടപുറം<br>ഇഷ്ടിക നിർമ്മാണം (20 HP മോട്ടോർ) | ഒരു രേഖയുമില്ല, അപേക്ഷമാത്രം |
| 8 | അക്ബർ പുത്തൻപീടിക, നടുവക്കാട്, മമ്പാട്<br>ഫർണീച്ചർ നിർമ്മാണം | ഫോറസ്റ്റ് &വൈൽഡ് ലൈഫ് വകുപ്പിൽ നിന്നുള്ള ലൈസൻസ് ഇല്ല. |
| 10 | സെമീന കളത്തീങ്ങൽ, തോരകത്ത്, വടപുറം (പി ഒ)<br>ശിഫ മെഡിക്കൽസ് (ഇംഗ്ലീഷ് മരുന്നുകൾ വില്പന) | ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നുമുള്ള മരുന്ന വില്പനക്കും സ്റ്റോക്ക് ചെയ്യുന്നതിനുമുള്ള അനുമതി പത്രം ഇല്ല. |

ലൈസൻസ് ചട്ടങ്ങൾ പാലിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം8 പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും അഞ്ചു വർഷത്തേക്ക് (2016-17 മുതൽ 2020-21 വരെ) ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ ലൈസൻസ് നിബന്ധനകൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | കാമ്പ്രത്ത് മുഹമ്മദാലി, തോട്ടിന്റക്കര, മമ്പാട് | ഫോറസ്റ്റ്&വൈൽഡ് ലൈഫ് വകുപ്പിൽ നിന്നും ലഭിച്ച273/12-13/WB1/NBR(N)dt.19.04.13 നം.ലൈസൻസ് പ്രകാരം 18.04.16 വരെ മാത്രം പ്രവർത്തിക്കുവാൻ അനുമതിയുള്ളൂ. എന്നാൽ ഗ്രാമപഞ്ചായത്ത് അഞ്ചുവർഷത്തേക്ക് പ്രവർത്തനാനുമതി നൽകി |
| 2 | ഫിർദൗസ്ഖാൻ കാമ്പ്രത്ത് തോട്ടിന്റക്കര, മമ്പാട് ലൂബ്ല ഫർണീച്ചർ വർക്സ് | ഫോറസ്റ്റ്&വൈൽഡ് ലൈഫ് വകുപ്പിൽ നിന്നും ലഭിച്ചDFO/NBR/IIB/127/15-dt.22.02.16 നം. ലൈസൻസ് പ്രകാരം 31.12.18 വരെ മാത്രം പ്രവർത്തിക്കുവാൻ അനുമതിയുള്ളൂ. എന്നാൽ ഗ്രാമപഞ്ചായത്ത് അഞ്ചുവർഷത്തേക്ക് പ്രവർത്തനാനുമതി നൽകി |
| 3. | ശിഹാബുദ്ദീൻഹഖ് തോട്ടിന്റക്കര, മമ്പാട് കെ എം എസ് ഫർണീച്ചർ | ഫോറസ്റ്റ്&വൈൽഡ് ലൈഫ് വകുപ്പിൽ നിന്നും ലഭിച്ച273/12-16/14-15/WB1/NBR(N)dt.24.04.14 നം. ലൈസൻസ് പ്രകാരം 23.04.14 വരെ മാത്രം പ്രവർത്തിക്കുവാൻ അനുമതിയുള്ളൂ. എന്നാൽ ഗ്രാമപഞ്ചായത്ത് അഞ്ചുവർഷത്തേക്ക് പ്രവർത്തനാനുമതി നൽകി |
| 4 | മുഹമ്മദ് ടി,തമ്പാർ, നടുവക്കാട്, മമ്പാട് ഫർണീച്ചർ നിർമ്മാണം | ഫോറസ്റ്റ്&വൈൽഡ് ലൈഫ് വകുപ്പിൽ നിന്നും ലഭിച്ച DFO/NBR/IIB/629 dt.31.01.14നം.ലൈസൻസ് പ്രകാരം 30.01.17 വരെ മാത്രം പ്രവർത്തിക്കുവാൻ അനുമതിയുള്ളൂ. എന്നാൽ ഗ്രാമപഞ്ചായത്ത് അഞ്ചുവർഷത്തേക്ക് പ്രവർത്തനാനുമതി നൽകി |

ലൈസൻസ് ചട്ടങ്ങൾ പാലിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമല്ല

മമ്പാട് ഗ്രാമപഞ്ചായത്തിൽ ഡി & ഒ ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെ പട്ടിക (പൂട്ടിപ്പോയതും പുതിയതായി ആരംഭിച്ചതും ഉൾപ്പെടെ) ഗ്രാമപഞ്ചായത്തിൽ നിലവിൽ ലഭ്യമല്ല. അപാകത പരിഹരിക്കേണ്ടതാണ്.

4)ലൈസൻസ് ഫീസ് കുറവായി ഈടാക്കി

താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും ക്രമപ്രകാരം ഈടാക്കേണ്ടുന്ന ഡി & ഒ ലൈസൻസ് ഫീസ് നിരക്കിലും കുറവായാണ് ഈടാക്കിയിട്ടുള്ളത് .

| ക്രമനം. | അപേക്ഷകന്റെ പേരും വിലാസവും | റിമാർക്സ് |
|---|---|---|
| 1 | ഷോപ്പ് മാനേജർ, മാവേലി സ്റ്റോർ | പ്രതിദിന വിറ്റുവരവ് (അപേക്ഷ |

| | | |
|---|---|---|
| | (കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ), മമ്പാട് | പ്രകാരം) -20,000 രൂപ<br>ഈടാക്കിയത് -400രൂപ (രശീതി നം.11605101899/13.05.16)<br>ഈടാക്കേണ്ടത് -500 രൂപ(ചട്ടം 7, പട്ടിക -iii ഡി & ഒ ലൈസൻസ് ചട്ടങ്ങൾ )<br>കുറവ് - 100 രൂപ |

തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

5)ബിലേറ്റഡ് ഫീസ് ഈടാക്കിയില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം10 പ്രകാരം ലൈസൻസിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുൻപായി (പുതിയത് തുറക്കുന്നത് ഒഴികെ) സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചട്ടം 22 പ്രകാരം ലൈസൻസ് ഫീസിന്റെ 25%അധിക ഫീസ് (ബിലേറ്റഡ് ഫീസ് ) ഈടാക്കേണ്ടതാണ് . എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും അപ്രകാരം ഈടാക്കിയില്ല.

| ക്രമനം. | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | എ ജെ പി റോക്ക് മെറ്റീരിയൽസ് - അബ്ദുൾജലീൽ പുല്ലൻ പന്തലിങ്ങൽ, മേപ്പാടം | അപേക്ഷ തീയ്യതി -09.03.2016 |
| 2 | സെമീന കളത്തീങ്ങൽ, തോരകത്ത്, വടപുറം (പി ഒ)<br>ശിഫ മെഡിക്കൽസ് | അപേക്ഷ തീയ്യതി -21.03.2016 |
| 3 | അറേബ്യൻ ബ്രോസ്റ്റ് - സീതി പുതുമാളിയക്കൽ തോട്ടിന്റക്കര, മമ്പാട് പി ഒ | അപേക്ഷ തീയ്യതി -02.03.2016 |
| 4 | ശ്രീമതി എം കെ, മധുരക്കറിയൻ, തോട്ടിന്റക്കര, മമ്പാട് പി ഒ, ഹോംലാന്റ് റസ്റ്റോറന്റ് | അപേക്ഷ തീയ്യതി -29.04.2016 |
| 5 | മെഴ്സി കൊച്ചുമുറ്റത്ത്, പുള്ളിപ്പാടം (പി ഒ) മമ്പാട്<br>പുള്ളിപ്പാടം റബ്ബേഴ്സ് | അപേക്ഷ തീയ്യതി -19.01.2017 |
| 6 | വിജയസാരഥി സി എച്ച്<br>പെന്നാ സിമെന്റ് ഇൻഡസ്ട്രീസ്, കോഴിക്കോട് | അപേക്ഷ തീയ്യതി -15.03.2016 |
| 7 | കെ ടി ദേവസ്യ കടപ്രയിൽ, നിലമ്പൂർ ആർ എസ്<br>വേളാങ്കണ്ണിമാതാ റബ്ബർ പ്രോഡക്റ്റ്സ് | അപേക്ഷ തീയ്യതി -15.03.2016 |

അപേക്ഷാ ഫീസിന് ആനുപാതികമായി ബിലേറ്റഡ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6)ക്വാറികൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച്

1967 ലെ കേരള മൈനർ മിനറൽ കൺസെഷൻ റൂൾസ് പ്രകാരം സ്വകാര്യ സ്ഥലത്ത് ക്വാറി തുടങ്ങുന്നതിന് മൈനിംഗ് ആന്റ് ജിയോളിജി വകുപ്പിന്റെ അനുമതിപത്രം ആവശ്യമുണ്ട്. 2015 ലെ കേരള മൈനർ മിനറൽ കൺസെഷൻ റൂൾസ് നാല് പ്രകാരം അപ്രകാരം ജിയോളജി വകുപ്പിൽ നിന്നും നൽകുന്ന പെർമിറ്റിന്റെ ഒരു

പകർപ്പ് ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനത്തിന് അയച്ചു കൊടുക്കുന്നതാണ്. താഴെ പറയുന്ന വ്യക്തികൾക്ക് ജിയോളജി വകുപ്പിൽ നിന്നും നൽകിയ പ്രവർത്തനാനുമതി പത്രത്തിനു വിരുദ്ധമായി വർഷം മുഴുവൻ പ്രവർത്തിക്കുവാൻ അനുമതി നൽകിയതായി കാണുന്നു. കാരണം വ്യക്തമാക്കേണ്ടതാണ്.

| ക്രമ നം. | അപേക്ഷകന്റെ പേരും വിലാസവും | റിമാർക്സ് |
|---|---|---|
| 1 | എ ജെ പി റോക്ക് മെറ്റീരിയൽസ് - അബ്ദുൾജലീൽ പുല്ലൻ പന്തലിങ്ങൽ, മേപ്പാടം<br>പാറമണൽ നിർമ്മിച്ച് വില്പന നടത്തുന്നതിന്<br>(50 HP Motor) | അപേക്ഷ മാത്രമാണ് സമർപ്പിച്ചിട്ടുള്ളത് |
| 2 | അബ്ദുറഹിമാൻ പി.പി, പള്ളിപ്പറമ്പിൽ, കീഴുപറമ്പ്<br>പാറപൊട്ടിച്ച് വില്പന നടത്തുന്നതിന് | • ജിയോളജിസ്റ്റ്, ജില്ലാ ജിയോളജി & മൈനിംഗ് കാര്യാലയം, മഞ്ചേരിയിൽ നിന്നും നൽകിയ നം.76/2015-16/GR/DOM/M-939/2015 തി.28.10.2015 കത്ത് പ്രകാരം 27.10.2016 വരെയാണ് പ്രവർത്തനാനുമതി. എന്നാൽ ഗ്രാമപഞ്ചായത്ത് വർഷം മുഴുവൻ പ്രവർത്തനാനുമതി നൽകി |
| 3 | സുബൈർ പി വി, പൂവ്വത്തിങ്കൽ<br>തണ്ടേക്കാട്, എറണാകുളം<br>(98 HP Motor) | • ജിയോളജിസ്റ്റ്, ജില്ലാ ജിയോളജി & മൈനിംഗ് പ്രവർത്തനാനുമതിയില്ല<br>• ഫയർഫോഴ്സ് നിരാക്ഷേപ പത്രം ഇല്ല |

## 2-4 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്- 3300/- രൂപയുടെ നഷ്ടം

2016-17 സാമ്പത്തിക വർഷത്തിൽ ന്യൂ ലൈഫ് ഹോസ്പിറ്റൽ, വടപുറം എന്ന സ്ഥാപനത്തിലെ സ്ഥാപന മേധാവി സമർപ്പിച്ച രണ്ടാം അർദ്ധവർഷത്തിലെ ജീവനക്കാരുടെ വരുമാന പത്രികയിലെ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. അപാകത ചൂണ്ടി കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 12 /20.07.2017) വരുമാന പത്രികയിൽ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തുന്നതിന് പകരം വാർഷിക വരുമാനമാണ് രേഖപ്പെടുത്തിയതെന്നും അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായ നികുതി ഈടാക്കിയിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭിച്ചത്. കൂടാതെ മറുപടിയോടൊപ്പം ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം കൃത്യമായി രേഖപ്പെടുത്തി സ്ഥാപന മേധാവി സമർപ്പിച്ച പുതിയ ലിസ്റ്റും ലഭ്യമാക്കിയിട്ടുണ്ട്. ഇതു പ്രകാരം ജീവനക്കാരുടെ തൊഴിൽനികുതിയായി അടവാക്കേണ്ടത് 25850/- രൂപയാണ്. എന്നാൽ 25.04.2017 ലെ 117130100531 നമ്പർ രസീതി പ്രകാരം 22550/- രൂപയാണ് അടവാക്കിയിട്ടുള്ളത്. തൊഴിൽ നികുതി ഈടാക്കിയതിൽ 3300/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി നികുതി ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നോ കുറവ് വന്ന നികുതി അടവാക്കുന്ന തിയതി വരെയുള്ള പിഴ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-5 ഷോപ്പിംഗ് കോംപ്ലക്സ് - വാടക അപാകതകൾ

1996 ൽ നിർമ്മിച്ച ഒന്നാം ബ്ലോക്കും 2005 ൽ നിർമ്മിച്ച രണ്ടാം ബ്ലോക്കും ചേർത്ത് ഗ്രാമപഞ്ചായത്തിന്റെ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിൽ ആകെ 18 റൂമുകളുണ്ട്. 01-12-2011 മുതൽ നാല് റൂമുകൾ മാവേലി സ്റ്റോറിന് നൽകിയതൊഴിച്ചാൽ ബാക്കിയുള്ളവയെല്ലാം വർഷങ്ങളായി ഒഴിഞ്ഞു കിടക്കുകയായിരുന്നു. എന്നാൽ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 18-01-2016 ലെ 7-ാം നമ്പർ തീരുമാനപ്രകാരം കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് സ്ഥലസൗകര്യം നൽകാമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 11-03-2016 ന് കെട്ടിട നം. 188 മുതൽ 203 വരെയുള്ള 16 റൂമുകൾ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് താത്കാലികമായി അനുവദിച്ചിട്ടുണ്ട്.

സർക്കുലർ നം. 28758/ഡിബി2/10/തസ്വഭവ/15.10.2010 അനുസരിച്ച് ഗ്രാമപഞ്ചായത്തുകളുടെ വാടക മുറികളോ മാർക്കറ്റ് സ്റ്റാളുകളോ ലേലം ചെയ്തോ മറ്റ് വിധത്തിലോ വാടകക്കോ പാട്ടത്തിനോ നൽകുന്നതു സംബന്ധിച്ച കരാറുകൾ കേരള സ്റ്റാമ്പ് ആക്റ്റിലെ പട്ടികയിലെ എൻട്രി 5 (ഡി) പ്രകാരം 100 രൂപ മൂല്യമുള്ള മുദ്രപ്പത്രത്തിൽ ചമയ്ക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ യാതൊരുവിധ കരാറും വയ്ക്കാതെയാണ് 16 റൂമുകൾ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് അനുവദിച്ചിട്ടുള്ളത്.

ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക സംബന്ധിച്ച് പഞ്ചായത്ത് തയ്യാറാക്കിയ ബൈലോയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കുവേണ്ടിയോ സഹകരണ സ്ഥാപനങ്ങളുടെ ഉപയോഗത്തിനോ പഞ്ചായത്ത് വക കെട്ടിടങ്ങളോ മുറികളോ ലേലം കൂടാതെ തന്നെ കൂടിയാലോചന വഴി വാടക നിശ്ചയിച്ച് ബന്ധപ്പെട്ട വകുപ്പിന്റേയോ സ്ഥാപനത്തിന്റേയോ ചുമതലയുള്ള ഉദ്യോഗസ്ഥനുമായി ഒരു ഉടമ്പടി വച്ചതിനുശേഷം നൽകുവാൻ പഞ്ചായത്തിന് അധികാരമുണ്ടെന്ന് പറയുന്നുണ്ട്. എന്നാൽ കരാറിന്റെ പരമാവധി കാലയളവ്, വാർഷിക വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട വ്യവസ്ഥകളൊന്നും ബൈലോയിൽ വ്യക്തമാക്കിയിട്ടില്ല.

ലഭ്യമായ ഡിമാന്റ് രജിസ്റ്റർ പ്രകാരം 01-12-2011 മുതൽ ഓഡിറ്റ് കാലയളവുവരെ നാല് റൂമുകൾക്കും കൂടി 3433/- രൂപയാണ് മാസവാടകയായി മാവേലിസ്റ്റോറിൽ നിന്നും ഈടാക്കുന്നത്. മാവേലി സ്റ്റോറുമായുള്ള കരാർ അനുസരിച്ച് 28-11-2011 മുതൽ 5 വർഷത്തേക്കാണ് റൂമുകൾ നൽകിയിട്ടുള്ളത്. ക്രമപ്രകാരം 27-11-2016 ന് കാലാവധി അവസാനിച്ചു. തുടർന്ന് കരാർ പുതുക്കാതെ മാവേലിസ്റ്റോർ പ്രവർത്തിച്ചുവരികയാണ്. കരാർ പുതുക്കാത്തതിനും യാതൊരുവിധ കരാറും വയ്ക്കാതെ 16 റൂമുകൾ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിന് വാടകയില്ലാതെ അനുവദിച്ചതിനും കാരണം വ്യക്തമല്ല.

ശരിയായ ആസൂത്രണത്തോടെ യഥാകാലങ്ങളിൽ മുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരി ക്കാത്തതിനാലും വാടക സംബന്ധിച്ച് ബൈലോയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി നിയമാനുസൃതമായ വാടകയും വാർഷിക വർദ്ധനവും ഈടാക്കാത്തതിനാലും ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിന് വൻ നഷ്ടം വന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 2-6 സ്ഥാപന നികുതി അടവാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ മമ്പാട് | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 2 | കെ. എസ്.ഇ.ബി സെക്ഷൻ ഓഫീസ്, മമ്പാട് | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 3 | മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ്, വടപുറം | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |

തൊഴിൽനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. [അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/20.7.2017) മറുപടി ലഭിച്ചില്ല.]

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സാക്ഷരതാ പ്രേരകുമാർക്ക് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയത്- ക്രമീകരണവിവരമില്ല.

2016-17 വർഷത്തിൽ, സാക്ഷരതാ പ്രേരകുമാർക്ക് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം, ടി.എ, എന്നിവ അനുവദിച്ചിട്ടുണ്ട്. സാക്ഷരതാ ഫണ്ട് ലഭ്യമല്ലാത്തതിനാലും, ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ക്രമീകരിക്കാമെന്ന വ്യവസ്ഥയിലുമാണ് തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രേരകിന്റെ പേര് | വൗച്ചർ നം.തീയതി | തുക |
|---|---|---|
| ശ്രീദേവി.എം.കെ. (ഇളനുഴ, തുടർവിദ്യാകേന്ദ്രം) | 21600038/26.04.16 | 5800 |
| | 216001357/08.09.16 | 11200 |
| | 21600595/28.12.16 | 6200 |
| | 21600596/28.12.16 | 7800 |
| | 21600878/30.03.17 | 3000 |
| ലില്ലിക്കുട്ടി (തുക്കൈക്കത്ത് തുടർ വിദ്യാകേന്ദ്രം) | 21600037/26.04.16 | 5800 |
| | 21600358/08.09.16 | 11200 |
| | 21600593/28.12.16 | 6200 |
| | 21600594/28.12.16 | 7800 |
| | 21600879/30.03.17 | 3000 |
| ആകെ | | 68000 |

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/20.07.17) മറുപടി ലഭ്യമാക്കിയിട്ടില്ല.

തുക ക്രമീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 3-2 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

2016-17 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലേക്ക് വിവിധ ആവശ്യങ്ങൾക്കായി തുക നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ബിൽ/വൗച്ചർ നം./തീയതി | തുക | സ്ഥാപനം |
|---|---|---|
| 21600733/08.03.17 | 300000 | DPC കെട്ടിട നിർമ്മാണം-വിഹിതം |
| 21600734/08.03.17 | 100000 | സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം |
| 21600738/08.03.17 | 100000 | ABC പ്രോഗ്രാം-ജില്ലാ പഞ്ചായത്ത് പ്രൊജക്ട് വിഹിതം |
| ആകെ | 500000 | |

ഈ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

### 3-3 ആശ്രയ പദ്ധതി--ചെലവില്ലാതെ മുടങ്ങിക്കിടക്കുന്നു.

ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതിയിൽ അഗതി കുടുംബങ്ങൾക്കു വേണ്ടി ആശ്രയ പദ്ധതി നിർബന്ധമായും നടത്തേണ്ടതാണെന്നിരിക്കേ ഗ്രാമ പഞ്ചായത്തിൽ ആശ്രയ പദ്ധതി വർഷങ്ങളായി നിശ്ചലാവസ്ഥയിലാണ്.

2007-2008 മുതൽ 2009-2010 വരെയുള്ള കാലയളവിലേക്കായി ആസൂത്രണം ചെയ്ത പദ്ധതി, മുഴുവൻ അടിസ്ഥാന അതിജീവനാവശ്യങ്ങൾ നിറവേറ്റപ്പെടാതെ അവസാനിച്ചതായി കാണുന്നു. തുടർസേവന പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടില്ല. രണ്ടാം ഘട്ട പ്രൊജക്ടും നടപ്പിലാക്കിയിട്ടില്ല. 10-11ൽ പുന:പരിശോധനക്ക് ശേഷമുള്ള പദ്ധതി നടക്കുകയുണ്ടായി. പദ്ധതിയിൽ നിന്നുള്ള അവസാന ചെലവ് 01.02.13 നാണ് നടന്നത് എന്നു കാണുന്നു. പിന്നീട് ചെലവുകളൊന്നും നടന്നിട്ടില്ല. 31.03.17 ന് അക്കൗണ്ടിൽ (അക്കൗണ്ട് നം.8789, കെ.ജി.ബി, മമ്പാട്) 2763387 രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ ആദ്യ ഘട്ടത്തിലെ ബാലൻസ് 1158000 (ചലഞ്ച് ഫണ്ട്--302952, പഞ്ചായത്ത് ഫണ്ട്--855048) രൂപയും ഉൾപ്പെടുന്നു. പദ്ധതി നിശ്ചലമായി തുടരുമ്പോഴും, ആവശ്യത്തിന് ഫണ്ട് അക്കൌണ്ടിൽ ശേഷിക്കുമ്പോഴും 2016-17 ൽ 500000 രൂപ വികസനഫണ്ട് പദ്ധതിക്കായി ലഭ്യമാക്കിയതായി കാണുന്നു. ഇത് വികസന ഫണ്ടിന്റെ ദുരുപയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. നിഷ്ക്രിയമായി തുടരുന്ന പദ്ധതിക്കായി വീണ്ടും തുക മാറ്റി വച്ചത് ക്രമപ്രകാരമല്ല. ചെലവഴിക്കാതെ നിഷ്ക്രിയമായി തുടരുന്ന വികസനഫണ്ട് 1355048 രൂപ സർക്കാരിലേക്ക് തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആവശ്യത്തിന് ഫണ്ട് ലഭ്യമായിരുന്നിട്ടും സമൂഹത്തിലെ ഏറ്റവും ദരിദ്രരും, നിരാലംബരുമായ ഗുണഭോക്താക്കളുടെ അടിസ്ഥാന, അതിജീവനാവശ്യങ്ങൾ നിർവ്വഹിക്കപ്പെടാതിരിക്കുന്നത്, പദ്ധതി നിർവ്വഹണത്തിലെ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി നിശ്ചലാവസ്ഥയിലാണെന്ന കാര്യം മുൻ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നെങ്കിലും തുടർ നടപടി ഒന്നും സ്വീകരിച്ചു കാണുന്നില്ല. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ കൈക്കൊള്ളേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ പതിപ്പിക്കേണ്ടതാണ്.

## 3-4 കുടിവെള്ള വിതരണം--നിർവ്വഹണത്തിലെ അപാകതകൾ

2016-17 വർഷത്തിൽ വരൾച്ച രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി 427350രൂപ ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നം./തീയതി | തുക | കരാറുകാരൻ |
|---|---|---|
| 21600086/21.05.16 | 85750 | സഫീർ.എം. |
| 21600090/21.05.16 | 38500 | സലീം വടക്കേൽ |
| 21600087/21.05.16 | 64400 | വിജയൻ |
| 21600088/21.05.16 | 54600 | ഷമീർ വടക്കേൽ |
| 21600091/21.05.16 | 49000 | മിഥുൻ ഷാജി |
| 21600089/21.05.16 | 38500 | സൽമാൻ |
| 21600160/17.06.16 | 32550 | ഫൈസൽ എരഞ്ഞിക്കൽ |
| 21600174/30.06.16 | 50050 | നിസാർ കാട്ടുമുണ്ട |
| ആകെ | 413350 | |

രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. കുടിവെള്ള വിതരണം നടത്തുന്നതിന് കരാറുകാരെ തെരഞ്ഞെടുത്തത് എങ്ങനെയെന്ന് വ്യക്തമല്ല. ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഒരു ലിറ്ററിന് 35 പൈസ നിരക്കിലാണ് മേൽപ്പറഞ്ഞ കരാറുകാർ കുടിവെള്ള വിതരണം നടത്തിയിട്ടുള്ളത്. 35 പൈസ ലിറ്ററിന് എന്ന വ്യവസ്ഥയിൽ കുടിവെള്ളം വിതരണം ചെയ്യാം എന്ന സമർപ്പണം മാത്രമാണ് ഫയലിലുള്ളത്. ഇതേ കൈപ്പടയിൽ കൂടിയ

നിരക്കിലുള്ള മറ്റ് രണ്ടു പേരുടെ സമർപ്പണവും ഫയലിൽ കാണുന്നുണ്ട്. കരാറുകാരെ തെരഞ്ഞെടുത്തതിൽ സുതാര്യത ഉണ്ടായിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2. മലപ്പുറം ജില്ലാ കളക്ടറുടെ 28.04.16 ലെ നം.26598/16/DM3 കത്ത് പ്രകാരം റവന്യൂ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ മാത്രമേ കുടിവെള്ള വിതരണം നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആയത് പാലിച്ചതിന്റെ രേഖയില്ല. കുടിവെള്ളം ക്രമപ്രകാരം വിതരണം നടത്തിയെന്ന് വ്യക്തമാക്കുന്ന രേഖകളൊന്നുമില്ല.

3. മേൽപ്പറഞ്ഞ പ്രകാരം കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ ആദായനികുതി കുറവ് ചെയ്തതായി കാണുന്നില്ല. ക്രമപ്രകാരം 4134 രൂപ (1%) ഈടാക്കണമായിരുന്നു.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/21.07.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഈ കാര്യത്തിൽ വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്. ക്രമ നം.3 പ്രകാരമുള്ള തുക ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ലൈബ്രറി സെസ്സ് അടവാക്കൽ--സർക്കാർ നിർദ്ദേശം പാലിച്ചില്ല.

സർക്കുലർ നം.10088/എൽ3/05/തസ്വഭവ 20.09.15 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ, ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടക്കണം. ആദ്യ ഗഡു ഏപ്രിൽ 30 ന് അകവും, രണ്ടാം ഗഡു നവംബർ 30 ന് അകവും അടവാക്കണം. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ ബാധ്യതയായിരിക്കും എന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സെസ്സ് അടവാക്കുന്നതിൽ ഈ മാർഗ്ഗനിർദ്ദേശം പാലിച്ചതായി കാണുന്നില്ല. 2015-16, 2016-17 വർഷങ്ങളിൽ പിരിച്ചെടുത്ത ലൈബ്രറി സെസ്സ് ഓഡിറ്റ് തീയതി വരെ അടച്ചതായി കാണുന്നില്ല. യഥാക്രമം 105157, 198780 എന്നിങ്ങനെ രണ്ടു വർഷങ്ങളിലും സെസ്സ് പിരിച്ചെടുത്തിരുന്നു. സർക്കാരിലേക്കും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഇതര സ്ഥാപനങ്ങളിലേക്കും അടവാക്കാനുള്ള തുക അടവാക്കാതിരുന്നത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ലൈബ്രറി സെസ്സ് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 സാനിട്ടറി യൂണിറ്റിന് അഡ്വാൻസ് നൽകിയത്--പ്രവൃത്തി പൂർത്തീകരിച്ചില്ല.

1--പ്രൊജക്ട് നം. നം.7/17 (എസ്.ടി.സാനിട്ടറി യൂണിറ്റ്)

ബിൽ നം.1/16-17/03.09.16—840000

ബിൽ നം.3/16-17/05.10.16---360000

ആകെ ------------ 1200000(6000x200)

നിർവ്വഹണം---അസി.സെക്രട്ടറി

2--പ്രൊജക്ട് നം. നം.253/17 (എസ്.സി.സാനിട്ടറി യൂണിറ്റ്)

ബിൽ നം.4/16-17/05.10.16—132000

ബിൽ നം.2/16-17/03.09.16---240000

ആകെ ------------ 372000(6000x62)

നിർവ്വഹണം---അസി.സെക്രട്ടറി

മേൽപ്പറഞ്ഞ പ്രകാരം 15,400/- രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് സാനിട്ടറി യൂണിറ്റ് പ്രവൃത്തി തുടങ്ങുന്നതിനായി അഡ്വാൻസ് തുക 6,000/- വീതം നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി

ആരംഭിക്കാത്തതിനാൽ തുടർന്നുള്ള ഫണ്ട് അനുവദിക്കാതെയുള്ള അവസ്ഥ നിലനിൽക്കുന്നതായി കാണുന്നു. ക്രമ നം.1 പ്രൊജക്ടിൽ 78 പേർ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുള്ളത്. ക്രമ നം.2 പ്രൊജക്ടിൽ 22 പേർ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചത്. അവസാന ഗഡു തുക (പ്രവൃത്തി പൂർത്തീകരണത്തിനു ശേഷം) അനുവദിച്ചിട്ടുള്ളത് വി.ഇ.ഒ ആണ്. ടി.എസ്.സി ഫണ്ട് 5384000 രൂപ ODF പദ്ധതിക്കായി പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ആയത് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രൊജക്ടിന്റെ പൂർത്തീകരണത്തിന് ആവശ്യമായ തുക ലഭ്യമായിരിക്കേ പദ്ധതി പൂർത്തീകരിക്കാതെ ഫണ്ട് മുടങ്ങിക്കിടക്കുകയാണ്. മാത്രമല്ല, അഡ്വാൻസ് ആയി നൽകിയ തുക വിനിയോഗിക്കാതെ നിൽക്കുന്നതിനാൽ 972000 (162 x 6000) രൂപ പാഴ്ച്ചെലവായി മാറിയ അവസ്ഥയാണുള്ളത്. പദ്ധതി പൂർത്തീകരിക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-7 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, പൊതു ടാപ്പുകളുടെ വെള്ളക്കരം- നടപടികൾ സ്വീകരിച്ചില്ല.

പഞ്ചായത്തിന്റെ ഭരണ നിർവ്വഹണ ചെലവുകളിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ടു ചെലവിനങ്ങളായ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, പൊതുടാപ്പുകളുടെ വെള്ളക്കരം എന്നിവയിൽ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടികളൊന്നും പാലിക്കുന്നതായി കാണുന്നില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1--തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്

പ്രതിമാസം 31966 രൂപ വീതം അടവാക്കി വരുന്നുണ്ട്. 949 വിളക്കുകൾക്കാണ് വൈദ്യുതി ചാർജ്ജ് അടച്ചു വരുന്നത്. 27.08.16 ലെ പഞ്ചായത്ത് തീരുമാനം 4 പ്രകാരം സ്ട്രീറ്റ് മെയിൻ വലിച്ച് മീറ്റർ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ഉപയോഗിക്കാത്ത ലൈറ്റുകൾക്കും വൈദ്യുതി ചാർജ്ജ് അടവാക്കേണ്ടി വരുന്നത് മൂലം പഞ്ചായത്തിന് ഭീമമായ ധനനഷ്ടം സംഭവിക്കുന്നതായി സെക്രട്ടറി ശ്രദ്ധയിൽപ്പെടുത്തി. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 5കി.മീ.ദൂരത്തിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് 425000 രൂപ ആവശ്യമാണെന്ന് KSEB അസി.എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് പ്രൊജക്ട് തയ്യാറാക്കാൻ തീരുമാനമെടുത്തുവെങ്കിലും ഓഡിറ്റ് തീയതി വരെ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

2—പൊതു ടാപ്പുകളുടെ വെള്ളക്കരം

പ്രതിമാസം 37188 രൂപ പ്രകാരം 10/14 മുതൽ 85 ടാപ്പുകൾക്ക് വെള്ളക്കരം അടച്ചു വരുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയുമായി ഏറ്റവും ഒടുവിൽ സംയുക്ത പരിശോധന നടത്തിയത് 19.05.14-ലാണ്. സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന ടാപ്പുകൾക്കും ഉപയോഗിക്കുന്ന വെള്ളത്തിനും മാത്രമേ കരം അടവാക്കുന്നുള്ളൂവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

മേൽക്കാര്യങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചോർച്ച തടയേണ്ടതാണ്.

## 3-8 ഡെപ്പോസിറ്റ് വർക്കുകൾ --പൂർത്തീകരണ വിവരമില്ല

2016-17 വർഷത്തിൽ വിവിധ പ്രവർത്തികൾക്കായി താഴെപ്പറയും പ്രകാരം തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| പ്രവൃത്തി | വൗച്ചർ നം. തീയതി/തുക | സ്ഥാപനം |
|---|---|---|
| പ്രൊജക്ട് നം.106/17 | 21600597/03.01.17---200000 | കേരള വാട്ടർ അതോറിറ്റി, മലപ്പുറം |

| | | |
|---|---|---|
| കുടിവെള്ള പദ്ധതി സർവ്വേ മാപ്പ് തയ്യാറാക്കൽ | 21600598/03.01.17--100000 | കേരള വാട്ടർ അതോറിറ്റി, മലപ്പുറം |
| പ്രൊജക്ട് നം.287/17<br>KWA പൈപ്പ് ലൈൻ നീട്ടൽ | 21600997/31.03.17--75000 | കേരള വാട്ടർ അതോറിറ്റി, മലപ്പുറം |
| പ്രൊജക്ട് നം.256/17<br>നടുവക്കാട് ട്രൈബൽ ഹോസ്റ്റൽ കുടിവെള്ള പദ്ധതി | 21601000/31.03.17---50000 | കേരള വാട്ടർ അതോറിറ്റി, മലപ്പുറം |

മേൽപ്പറഞ്ഞ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 മഴക്കാല പൂർവ്വരോഗ പ്രതിരോധ പ്രവർത്തനങ്ങൾ--തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

വൗച്ചർ നം.21600204/07.07.17---95000

മഴക്കാല പൂർവ്വ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി ഒരു വാർഡിന് 5000 രൂപ (തനത് ഫണ്ട്) വീതം 19 വാർഡുകൾക്ക് മേൽപ്പറഞ്ഞ പ്രകാരം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ക്ക് നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ ടി.എസ്.സി വിഹിതം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം കൂടി ലഭ്യമാക്കേണ്ടതാണ്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/21.07.17) മറുപടി ലഭ്യമാക്കിയിട്ടില്ല. 95000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-10 അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം-ഗുണമേൻമ പരിശോധന നടക്കുന്നില്ല.

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (2-11-12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2016-17 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ് വാങ്ങുന്നതിനായി 1601805 രൂപ ചെലവഴിച്ചിട്ടുണ്ട്. പവിത്രം ന്യൂട്രിമിക്സ് യൂണിറ്റ്, പൂക്കോട്ടുമണ്ണ എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് ഗുണമേൻമ പരിശോധിക്കാതെ ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. മാർഗ്ഗ നിർദ്ദേശം പാലിച്ച് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 പച്ചക്കറി കൃഷി പ്രോൽസാഹനം പദ്ധതി - പ്രോജക്റ്റ് വിഭാവനം ചെയ്തതിന് വിരുദ്ധമായി തുക ചെലവഴിച്ചു

പ്രോജക്റ്റ് നം. 96/17

പച്ചക്കറി കൃഷി പ്രോൽസാഹനം പദ്ധതി

വിനിയോഗിച്ച തുക – 3,00,000 രൂപ

ബിൽ നം. 3/16-17/14.03.2017

നിർവ്വഹണം - കൃഷി ഓഫീസർ, മമ്പാട് ഗ്രാമപഞ്ചായത്ത്

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൂലി ചെലവ് സബ്സിഡി നൽകലാണ് വിഭാവനം ചെയ്തത്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) നം.4/2016/തസ്വഭവ തി.11.01.2016 പ്രകാരം പച്ചക്കറി കൃഷി ചെയ്തിട്ടുണ്ടെന്ന വിവരം കൃഷി ഓഫീസർ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. എന്നാൽ ഏതൊക്കെ പച്ചക്കറി എത്ര അളവിൽ കൃഷി ചെയ്തിട്ടുണ്ടെന്ന വിവരം ഫയലിൽ ഇല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/18.07.17) ലഭ്യമാക്കിയ മറുപടിയോടൊപ്പം വിവരം പിന്നീട് ലഭ്യമാക്കിയെങ്കിലും അപേക്ഷകളിൽ ഒന്നിലും ഇതു സംബന്ധിച്ച വിവരം ഇല്ല. കൂടാതെ, പച്ചക്കറി തൈ/വിത്തുകൾ എപ്രകാരം ലഭ്യമായി എന്നതു സംബന്ധിച്ചും പ്രോജക്ടിൽ വ്യക്തതയില്ല.

2)പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൂലി ചെലവ് സബ്സിഡി നൽകലാണ് വിഭാവനം ചെയ്തത് എങ്കിലും, രേഖകൾ പരിശോധിച്ചതിൽ ജൈവവളം സബ്സിഡി നൽകലാണ് പ്രോജക്ടിൽ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായി. പദ്ധതിയിൽ വിഭാവനം ചെയ്തതിനു വിരുദ്ധമായി തുക ചെലവഴിച്ചതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ മൂലം പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടുണ്ടോ എന്ന് ഓഡിറ്റിന് ബോധ്യമായിട്ടില്ല.

## 3-12 ഒ ഡി എഫ് അധിക വിഹിതം പദ്ധതി - തുക ലഭിച്ചിട്ടും പ്രോജക്ട് നടപ്പാക്കാത്തത് സംബന്ധിച്ച്

മമ്പാട് ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ പ്രോജക്ട് നം. 274/17 ആയി 'ഒ ഡി എഫ് ഡിക്ലറേഷൻ അധിക വിഹിതം നൽകൽ പദ്ധതി' അംഗീകാരം നേടിയെങ്കിലും പ്രോജക്ട് നടപ്പിലാക്കുകയുണ്ടായില്ല. വിശദാംശങ്ങൾ പരിശോധിച്ചതിൽ ചെക്ക് നം.65719/13.12.2016 പ്രകാരം 27.12.2016 ന് 6,20,000 രൂപ ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ വരവുണ്ട്. പ്രോജക്ട് 2016-17 വർഷത്തിൽ നടപ്പിലാക്കാതിരുന്നതിനും, നാളിതുവരെയും തുക വിനിയോഗിക്കാതിരുന്നതിനും കാരണം വ്യക്തമാക്കേണ്ടതും തുക ചെലവഴിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-13 ഇ എം എസ് ഭവന പദ്ധതി - നാളിതുവരെയും പൂർത്തീകരിച്ചില്ല

മമ്പാട് ഗ്രാമപഞ്ചായത്തിൽ 2011-12 വർഷത്തിൽ ആരംഭിച്ച ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയിൽ വിവിധ ഗഡുക്കൾ കൈപ്പററിയ 27 ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് പല തവണ അറിയിപ്പുകൾ നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടെങ്കിലും ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ, കൈപ്പറ്റിയ തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റിയ തുക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

2016-17 വർഷത്തിൽ സ്പിൽ ഓവറായി നടപ്പിലാക്കിയ വിവിധ ഭവന പദ്ധതികളിൽപെടുന്ന, താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | ഗുണഭോക്താവ് | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ഭവന നിർമ്മാണം വനിത (31/17) | ആമിന മങ്കരതൊടിക കുരിക്കാട്ടുമണ്ണ | 1,40,000 |
| | | റുഖിയ നല്ലാട്ട്, മാരമംഗലം | 1,40,000 |

| | | | |
|---|---|---|---|
| 2 | ഭവന നിർമ്മാണം ജനറൽ (30/17) | നൂർജഹാൻ നീലാമ്പ്ര, പുളിക്കലോടി | 1,05,000 |
| | | ഹഫ്സത്ത് ചോലശ്ശേരി, കൊമ്പംകല്ല് | 1,05,000 |
| | | ബീയാത്തുമ്മ പാൽതൊടിക, കുറത്തിയാർപൊയിൽ | 1,05,000 |
| | | അമ്മിണി ചിറപ്പുറത്ത്, കാരച്ചാൽ, പുള്ളിപ്പാടം | 1,05,000 |
| 3 | ഭവന നിർമ്മാണം ജനറൽ (33/17) | തനൂജ പയ്യുണ്ണി, കറുകമണ്ണ, പുള്ളിപ്പാടം | 1,05,000 |
| | | ഫർസീന കോട്ടക്കോടൻ, പൊങ്ങല്ലൂർ | 1,05,000 |
| | | ഫാസിയ പൂന്തല, വടപുറം | 1,05,000 |
| | | ജയശ്രീ താഴെപറമ്പത്ത്, പന്തലിങ്ങൽ | 1,05,000 |

ഇവരുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-15 മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തനതുഫണ്ട് വകയിരുത്തി

മുൻവർഷം വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തനത്ഫണ്ട് വിഹിതത്തിന്റെ 15% കൂടി ചേർത്ത തുക മാത്രമേ വാർഷിക പദ്ധതിയിൽ തനത് ഫണ്ട് വിഹിതമായി വകയിരുത്താൻ പാടുള്ളൂ എന്ന് സർക്കുലർ നമ്പർ 36365/എ.എ3/2011/തസ്വഭവ/11-04-2011 ൽ വ്യക്തമാക്കുന്നുണ്ട്. മമ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രൊജക്ടുകൾക്കുൾപ്പെടെ തനത്ഫണ്ട് വിഹിതമായി 10551963/- രൂപ വകയിരുത്തിയിട്ടുണ്ട്. (പുതുക്കിയ പദ്ധതികളുടെ അടങ്കൽ അനുസരിച്ച് പിന്നീട് ഇത് 9878037/- രൂപയായി. ഇതിൽ 4748534/-രൂപ ചെലവഴിച്ചിട്ടുണ്ട്). 2015-16 വർഷത്തിൽ ചെലവഴിച്ച തനത്ഫണ്ട് വിഹിതമായ 6800602/- രൂപയുടെ 15% കൂടി ചേർത്ത തുകയായ 7820692/- രൂപ മാത്രമേ വകയിരുത്താൻ പാടുള്ളൂ എന്നിരിക്കേ 2731271/- രൂപ അധികമായി വകയിരുത്തിയത് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. വാർഷിക പദ്ധതിയിൽ തനത്ഫണ്ട് വിഹിതം വകയിരുത്തുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 3-16 കേരളോത്സവം - സ്പോർട്സ് ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല.

2016-17 വർഷത്തെ പഞ്ചായത്ത് തല കേരളോത്സവം നടത്തുന്നതിനായി തനതു ഫണ്ടിൽ നിന്നും 49980/- രൂപ (ചെക്ക് നം. 85449/18.01.2017) ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഫിഫ സ്പോർട്സ് & ടോയ്സിൽ നിന്നും 4830/- രൂപയ്ക്ക് സ്പോർട്സ് അനുബന്ധ ഉപകരണങ്ങൾ വാങ്ങി. എന്നാൽ പഞ്ചായത്ത്തല കേരളോത്സവത്തിനു ശേഷം ഇവയുടെ സൂക്ഷിപ്പുമായി ബന്ധപ്പെട്ട യാതൊരു വിവരവും ബന്ധപ്പെട്ട ഫയലിൽ ഇല്ല. ഉപയോഗശേഷം ഉടൻ തന്നെ ഉപകരണങ്ങൾ പഞ്ചായത്തിന് കൈമാറേണ്ടതായിരുന്നു. തുടർ വർഷങ്ങളിലും കേരളോത്സവം നടത്തുമ്പോൾ ഉപയോഗപ്പെടുത്താമെന്നിരിക്കെ ഇവ പഞ്ചായത്തിന് കൈമാറാതിരുന്നത് ശരിയായ നടപടിയല്ല. പഞ്ചായത്തിനോ അല്ലാത്ത പക്ഷം ഭരണസമിതി തീരുമാന പ്രകാരം അർഹതയുള്ള ക്ലബുകൾക്കോ നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 25/21.07.2017 നമ്പർ എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.)

## 3-17 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ പദ്ധതികളിലെ

## അംഗീകരിക്കാത്ത ചെലവുകൾ.

വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പും മരുന്ന വിതരണവും (എസ്.ടി) പദ്ധതിയുടെ ഭാഗമായി 25-03.2017 ന് മാടം ട്രൈബൽ കോളനിയിൽ നടത്തിയ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത മമ്പാട് പി.എച്ച്.സിയിലെ ജീവനക്കാർക്കും 04-03-2017 ലെ പരിരക്ഷ വളണ്ടിയർമാർക്കുള്ള പരിശീലനത്തിൽ ക്ലാസ്സ് എടുത്ത മമ്പാട് പി.എച്ച്.സി. യിലെ ജെ.എച്ച്.ഐക്കും ഹോണറേറിയം നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| പദ്ധതി | തുക കൈപ്പറ്റിയ വ്യക്തി | വൗച്ചർ നം/തുക | റിമാർക്സ് |
|---|---|---|---|
| വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പും മരുന്ന വിതരണവും (എസ്.ടി) പ്രൊ.നം 254/16-17 | ഡോ. കെ.എ. മെഹർബാൻ | 8/ 16-17 1000/- | ജോലിയുടെ ഭാഗമായ തിനാൽ ഹോണറേറിയം അനുവദിക്കുന്നത് ക്രമപ്രകാരമല്ല. |
| | ഡോ.അസ്ലാം.സി.പി | 7/ 16-17 1000/- | |
| | ഡോക്'ടർ (പേര് ലഭ്യമല്ല) | 9/ 16-17 1000/- | |
| | ഗീതാകുമാരി,ഫാർമസിസ്റ്റ്, പി.എച്ച്.സി മമ്പാട് | 10/ 16-17 300/- | |
| | ശോഭന പാച്ചീരി, സ്റ്റാഫ് നേഴ്സ്, പി.എച്ച്.സി മമ്പാട് | 11/ 16-17 300/- | |
| | ശാന്തകുമാരി, ജെ.പി.എച്ച്.എൻ, പി.എച്ച്.സി മമ്പാട് | 12/ 16-17 300/- | |
| | ആർപി.ദേവരാജ്, ജെ.എച്ച്.ഐ, പി.എച്ച്.സി മമ്പാട് | 13/ 16-17 300/- | |
| | അറ്റന്റർ, പി.എച്ച്.സി മമ്പാട് | 150 (വൗച്ചർ ലഭ്യമല്ല.) | |
| പരിരക്ഷ പ്രൊ.നം 108/16-17 | പ്രഭാകരൻ. എം ജെ.എച്ച്.ഐ, പി.എച്ച്.സി മമ്പാട് | 130/ 16-17 500/- | |
| ആകെ | 4850/- | | |

അംഗീകരിക്കാത്ത ചെലവു തുകയായ 4850/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. (നൽകിയ 30/21.07.2017 നമ്പർ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.)

## 3-18 തുടർ വിദ്യഭ്യാസ പരിപാടി -രേഖകൾ ഹാജരാക്കിയില്ല.

പ്രൊജക്റ്റ് നമ്പർ :- 202/17

ചെലവ് :- 100000/- (വികസന ഫണ്ട്, ബി.നം. 2/1-17/27.03.17) + 60000/- (ഗുണഭോക്തൃ വിഹിതം 1721753/07.03.17 )

നിർവ്വഹണം :- ഹെഡ് മാസ്റ്റർ

മേൽപ്പറഞ്ഞ പ്രകാരം ഒരാൾക്ക് 1600/- രൂപ നിരക്കിൽ 100 പേർക്ക് 160000/- രൂപ പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് എന്നിവക്കായി സാക്ഷരതാ മിഷന് നൽകേണ്ടതാണ്. ഗുണഭോക്തൃ വിഹിതമായ 60000/- രൂപ സാക്ഷരതാ മിഷൻ അക്കൗണ്ടിലേക്ക് (A/C No. 6123,SBT) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പഞ്ചായത്ത് വിഹിതമായ 100000/- രൂപ മേൽപ്പറഞ്ഞ പ്രകാരം പിൻവലിച്ചു കാണുന്നുവെങ്കിലും സാക്ഷരതാമിഷന് കൈമാറിയതായി കാണുന്നില്ല. ടി തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും (26/21/07/2017) ആയത് ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-19 പരിരക്ഷ – അവശ്യ മരുന്നുകൾ ലഭ്യമായില്ല

പ്രൊജക്റ്റ് നം :- 108/16-17

ചെലവ് :- 310000/- (ബി.നം. 7/16-17/14.03.2017 )

നിർവ്വഹണം :- മെഡിക്കൽ ഓഫീസർ (പി.എച്ച്. സി )

പദ്ധതിയുടെ ഭാഗമായി പ്രൊഫോർമ ഇൻവോയ്സ് 2623/18.2.2017 പ്രകാരമുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി 310000/- രൂപ 14.03.2017ന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെയും മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. അവശ്യ മരുന്നുകൾ ലഭ്യമാകുന്നതിന് ഇത്തരത്തിൽ കാലതാമസം നേരിടുന്നതിനാൽ, ദുരിതമനുഭവിക്കുന്ന രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം നൽകുവാൻ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഇത്തരം പദ്ധതികൾ പൂർണ്ണമായും ലക്ഷ്യം നേടുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (എൻക്വയറിക്ക് ( 31/21.07.2017) മറുപടി ലഭിച്ചില്ല). ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-20 മാനസിക- ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - അപാകതകൾ

പ്രൊ.നം- 198/17

ചെലവ് - 1232400/- (ബി.നം. 3/16-17/28.03.2017 )

താഴെ പറയുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതിൽ അപാകതയുള്ളതായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കുട്ടിയുടെ പേര് / ഇനം | അനുവദിച്ച സ്കോളർഷിപ്പ് | റിമാർക്സ് |
|---|---|---|---|
| 1 | സറഫുന്നീസ.കെ.പി<br>എം. ആർ | 6300 | വിദ്യാലയത്തിലോ ഡെ കെയർ സെന്ററിലോ പോകുന്നില്ല. 24 വയസ്സ് |
| 2 | ഷഹബാസ്.കെ.വി.<br>ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥി. | 6600 | ഡിഗ്രി വിദ്യാർത്ഥി, അനുവദിക്കാവുന്നത് 10600/- രൂപ. |

ക്രമ നമ്പർ 1 ലെ അപാകതക്ക് വിശദീകരണം നൽകേണ്ടതും ക്രമ നമ്പർ 2ൽ സ്കോളർഷിപ്പ് അനുവദിച്ചതിലെ വ്യത്യാസം തുടർ വർഷങ്ങളിൽ സ്കോളർഷിപ്പ് അനുവദിക്കുമ്പോൾ ക്രമീകരിക്കേണ്ടതുമാണ്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (എൻക്വയറി നം.27/21.07.2017) മറുപടി ലഭിച്ചില്ല.

## 3-21 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ പദ്ധതികൾക്ക് വാഹനം തെരഞ്ഞെടുത്തതിലെ അപാകതകൾ

ദേശീയ ആരോഗ്യ പരിപാടിയും എൻ .സി. ഡി പരിശോധന ക്യാമ്പും (പ്രൊ.നം.110/17 ), പരിരക്ഷ (പ്രൊ.നം.108/17 ) എന്നീ പദ്ധതികൾക്കായി ഉപയോഗിക്കുന്നതിന് ഒരേ വാഹനമാണ് തെരഞ്ഞെടുത്തത് (സമീർ.കെ.ടി, KL 13 N. 1535 ജീപ്പ് ). ഭരണ സമിതിയുടെ 30.05.2016 ലെ 11-ാം നമ്പർ തീരുമാന പ്രകാരം പരിരക്ഷ ഹോം കെയർ പദ്ധതിക്കായി വാഹനം ഓടുന്നതിന് ഒരു ഹോം കെയർ ദിനത്തിന് 900/-രൂപയും 12-ാം നമ്പർ തീരുമാന പ്രകാരം പ്രതിരോധ കുത്തിവെപ്പുകൾക്കായി വാഹനം ഓടുന്നതിന് ഒരു ദിവസത്തേക്ക് 850/- രൂപയുമാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ മേൽ പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.ഒരേ വാഹനം (KL 13 N. 1535) ജീപ്പ് ഒരു ദിവസം തന്നെ പരിരക്ഷ ഹോം കെയറിനായും പ്രതിരോധ കുത്തിവെപ്പുകൾക്കായും ഓടുകയും വാടക കൈപ്പറ്റിയതായും കാണുന്നു. 09.05.2016 ന് രാവിലെ 9 മുതൽ 4 വരെ പരിരക്ഷ ഹോം കെയറിനായി ഓടിയ വകയിൽ വാടകയായി 900/- രൂപ കൈപ്പറ്റിയിട്ടുണ്ട്. ഇതേ ദിവസം ഇതേ വാഹനം പ്രധിരോധ കുത്തിവെപ്പുകൾക്കായി രാവിലെ 9 മുതൽ 3 വരെ ഓടിയ വകയിൽ വാടകയായി 850/- രൂപയും കൈപ്പറ്റിയിട്ടുണ്ട്. ഈ വിവരങ്ങളിൽ നിന്നും മേൽപ്പറഞ്ഞ രണ്ട് യാത്രകളിൽ ഒരു യാത്ര നടന്നിട്ടില്ല എന്ന് വ്യക്തമാണ്. ആയതിനാൽ അന്നേ ദിവസം യഥാർത്ഥത്തിൽ നടന്ന യാത്ര ഉറപ്പ് വരുത്തി അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. ഇത്തരം അപാകതകൾ ശ്രദ്ധിക്കേണ്ടതും പദ്ധതിയുടെ സുതാര്യത ഉറപ്പു വരുത്തേണ്ടതുമാണ്.

2. ദേശീയ ആരോഗ്യ പരിപാടിയും എൻ .സി. ഡി പരിശോധന ക്യാമ്പും (പ്രൊ.നം.110/17) പദ്ധതിയുടെ ഭാഗമായി പ്രധിരോധ കുത്തിവെപ്പുകൾക്കായി വാഹനം ഓടുന്നതിന് ഒരു ദിവസത്തേക്ക് 850/- രൂപയാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളത് എങ്കിലും പോളിയോ പ്രതിരോധ ദിനങ്ങളിൽ വാഹനം ഓടിയതിന് 1250/- (വൗച്ചർ നം 109), 1000/- (വൗച്ചർ നം 71) എന്നിങ്ങനെയാണ് വാഹന വാടക നൽകിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം നൽകാൻ 29/21.07.2017 നം എൻക്വയറിയിലൂടെ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല.

## 3-22 മരുന്നുകൾ ലഭ്യമായില്ല.

പ്രൊ.നം :- 190/17

ചെലവ് :- (1). ബി.നം 1/16-17 /16.02.2017 (100000/- മെയിന്റനൻസ് ഫണ്ട് റോഡിതരം )

(2). ബി.നം 2/16-17/16.02.2017 (200000/- വികസനഫണ്ട് )

ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഔഷധി മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് 300000/- നൽകിയിട്ടുണ്ട്. എന്നാൽ 146887 /- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമെ ലഭ്യമായിട്ടുള്ളൂ. ലഭിക്കാൻ ബാക്കിയുള്ള 153113 /- രൂപയുടെ മരുന്നുകൾ ഉടൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതു വരെ 1,53,113/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

## 3-23 പി.എച്ച്. സി യിലേക്ക് മരുന്നും മറ്റും വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊ.നം- 104/17

ചെലവ് - 150000/- (ബി.നം. 8/16-17/14.03.2017)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

1. പ്രൊഫോർമ ഇൻവോയ്സ് 2623/18.02.17 പ്രകാരം മരുന്നുകൾ സപ്ലൈ ചെയ്യുന്നതിനാവശ്യമായ തുക 115000/- രൂപ കെ.എം.എസ്.സി.എൽ മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് 14.03.2017ന് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് ദിവസം (21.07.2017) വരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ചെലവു തുക തടസ്സം ചെയ്യുന്നു.

2. ഒ.പി ടിക്കറ്റ് പ്രിന്റ് ചെയ്യുന്നതിനായി 10976/- രൂപ ചെലവഴിച്ചിട്ടുണ്ട്. പി.എച്ച്. സി യിൽ വരുന്ന രോഗികളിൽ നിന്നും ഒ.പി ചാർജിനത്തിൽ തുക ഈടാക്കുന്നതിലൂടെ ലഭിച്ച എച്ച്.എം.സി ഫണ്ട് ഇതിനായി ചെലവഴിച്ചിരുന്നെങ്കിൽ ടി തുക പദ്ധതിയുടെ പ്രധാന ലക്ഷ്യമായ മരുന്നുകൾ വാങ്ങുന്നതിനായി ഉപയോഗിക്കാമായിരുന്നു. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. (28/21.07.2017 നം എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.)

## 3-24 കിണറിന് അധിക അളവ് അനുവദിച്ചത്

ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവർത്തികളിൽ അധിക വ്യാസത്തിൽ കിണർ കുഴിക്കുകയും അതിൽ കുറഞ്ഞ വ്യാസത്തിലുള്ള RCC റിംങ് തയ്യാറാക്കുകയും, കിണറിനും റിംങ്ങിനും ഇടയിലുള്ള ഭാഗം സ്ക്രീനിംഗ് മെറ്റൽ നിറക്കുകയും ചെയ്തതിനാൽ അധിക ചെലവുണ്ടായിട്ടുണ്ട്. മാത്രമല്ല വെള്ളം നിലനിൽക്കപ്പെടുന്ന ഏറ്റവും കുറഞ്ഞ ഉയരത്തിൽ മാത്രം സ്ക്രീനിംഗ് മെറ്റൽ നിറക്കുന്നതിന് പകരം കിണറിന്റെ ഏതാണ്ട് മുഴുവൻ ഉയരത്തിലും സ്ക്രീനിംഗ് മെറ്റൽ നിറച്ചതായും കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെവിവരം | ചെയ്ത പ്രവർത്തികളുടെ വിവരം | ഓഡിറ്റ് റിമാർക്സ് |
|---|---|---|---|
| 1 | പ്രവർത്തി-തെക്കേപാടം മാന്താണികുളം റിപ്പയർ<br>കൺവീനർ-കൃഷ്ണവർമ്മ<br>എഗ്രിമെന്റ്-69/4-3-16<br>എം ബുക്ക്-57/29-3-16<br>പ്രൊജക്ട്- 80/17<br>മൂല്ല്യ നിർണ്ണയ തുക-236208<br>ബിൽ നമ്പർ -57/31-3-17 | 4.6m വ്യാസത്തിൽ 5.5m താഴ്ചയിൽ കിണർ കുഴിക്കുകയും 4.15m (outer diametre) വ്യാസത്തിൽ 6.5m താഴ്ചയിൽ RCC റിംഗ് ഉണ്ടാക്കുകയും ഇടയിലുള്ള ഭാഗം 5m താഴ്ചയിൽ സ്ക്രീനിംഗ് മെറ്റൽ നിറക്കുകയും ചെയ്തു | കിണർ, RCC റിംഗ് എന്നിവ തമ്മിൽ 22.5cm വിടവ് അധികം അനുവദിച്ചതും 5m താഴ്ചയിൽ സ്ക്രീനിംഗ് മെറ്റൽ നിറച്ചതും അധിക ചെലവിന് ഇടയാക്കി. യഥാർത്ഥത്തിൽ 4.15 മീ. വ്യാസമുള്ള റിംഗ് ഇറക്കുന്നതിന് 4.45 മീ. വ്യാസത്തിൽ കിണർ കുഴിച്ചാൽ മതിയാകും. |
| 2 | പ്രവർത്തി-പുളിക്കലൊടി മൃഗാശുപത്രി സബ്സെന്റർ പുനരുദ്ധാരണം<br>കൺവീനർ-എബ്രഹാം | 2.15m വ്യാസത്തിൽ 4m താഴ്ചയിൽ കിണർ കുഴിക്കുകയും 1.8m വ്യാസത്തിൽ (outer diametre) 6m താഴ്ചയിൽ | 4m താഴ്ചയുള്ള കിണറിൽ 5.5 m താഴ്ചയിൽ സ്ക്രീനിംഗ് മെറ്റൽ നിറച്ചത് അധിക ചെലവിന് ഇടയാക്കി |

| | | | |
|---|---|---|---|
| | തോമസ്<br>എഗ്രിമെന്റ്-105/26-10-15<br>എം ബുക്ക്-366/15-16<br>പ്രൊജക്റ്റ്- 50/16-17<br>മൂല്യ നിർണ്ണയ തുക-234292<br>ബിൽ നമ്പർ -47/29-3-17 | RCC റിംഗ് ഉണ്ടാക്കുകയും ഇടയിലുള്ള ഭാഗം 5.5 m താഴ്ചയിൽ സ്ക്രീനിംഗ് മെറ്റൽ നിറക്കുകയും ചെയ്തു | |
| 3 | ചെറുമുണ്ട കോളനി DWS<br>കൺവീനർ-ശിവരാമൻ<br>എഗ്രിമെന്റ്-119/1-12-15<br>എം ബുക്ക്-380/15-16<br>പ്രൊജക്റ്റ്- 47/17<br>മൂല്യ നിർണ്ണയ തുക-400000<br>ബിൽ നമ്പർ -77/31-3-17 | 4.5m വ്യാസത്തിൽ 6m താഴ്ചയിൽ കിണർ കുഴിക്കുകയും 3.90m വ്യാസത്തിൽ (outer diametre) 7.8m താഴ്ചയിൽ RCC റിംഗ് ഉണ്ടാക്കുകയും ഇടയിലുള്ള ഭാഗം 6m താഴ്ചയിൽ സ്ക്രീനിംഗ് മെറ്റൽ നിറക്കുകയും ചെയ്തു | കിണർ, RCC റിംഗ് എന്നിവ തമ്മിൽ 22.5cm വിടവ് അധികം അനുവദിച്ചും 6m താഴ്ചയിൽ കിണറിന്റെ മുഴുവൻ ഉയരത്തിലും സ്ക്രീനിംഗ് മെറ്റൽ നിറച്ചും അധിക ചെലവിന് ഇടയാക്കി. 3.90 മീ. വ്യാസത്തിൽ റിംഗ് ഇറക്കുന്നതിന് 4.2 മീ വ്യാസത്തിൽ മാത്രം കിണർ കുഴിച്ചാൽ മതിയാകും. |

അപാകതകൾക്ക് വ്യക്തമായ മറുപടി ഹാജരാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി 32 ന് നൽകിയ മറുപടിയിൽ കിണറിൽ ചെളി വെള്ളവും മലിനജലവും കലരാതിരിക്കാൻ കൂടുതൽ കനത്തിൽ സ്ക്രീനിംഗ് മെറ്റൽ നിറച്ചു എന്ന മറുപടി അംഗീകരിക്കാനാവില്ല. മലപ്പുറം ജില്ലയിൽ മമ്പാട് ഗ്രാമ പഞ്ചായത്തിൽ മാത്രമാണ് ഇത്തരത്തിൽ റിംഗിനും കിണറിനും ഇടയിൽ സ്ക്രീനിംഗ് മെറ്റൽ അനുവദിച്ചു കാണുന്നത്. കിണർ, RCC റിംഗ് എന്നിവ തമ്മിലുള്ള വിടവ് 15cm മാത്രമാണ് അനുവദിക്കാറുള്ളത്. പുളിക്കലൊടി മൃഗാശുപത്രി സബ്സെന്റർ പുനരുദ്ധാരണം എന്ന പ്രവർത്തിയിൽ വിടവ് അനുവദിച്ചതും ക്രമത്തിലാണ്. എന്നാൽ മറ്റു പ്രവർത്തികളിൽ ഇത് 15cm ൽ അധികരിച്ച് 22.5cm, 22.5cm എന്നീ അളവുകളിൽ അനുവദിച്ചതിനാൽ അധിക ചെലവിന് ഇടയാക്കിയിട്ടുണ്ട്. മാത്രമല്ല ക്രമ നമ്പർ 2 ൽ 4m താഴ്ചയിൽ കിണർ കുഴിച്ച് 5.5 m താഴ്ചയിൽ സ്ക്രീനിംഗ് മെറ്റൽ നിറക്കാൻ സാധ്യമല്ല. 5.5 m താഴ്ചയിൽ 4m ഉയരം അംഗീകരിച്ച് 1.5m

ഉയരത്തിൽ ചെയ്ത മേൽ ഇനം പ്രവൃത്തി അധിക ചെലവായി കണക്കാക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | അംഗീകരിക്കാവുന്ന അളവ് & നിരക്ക് | നൽകിയ അളവ് | അധിക ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | 3.14x{4.45x4.45-4.15x4.15}x5 /4=10.13m3 | 19.78m3 | 9.65m3@1742.07 =16811 | സ്ക്രീനിംഗ് & മെറ്റലിംഗ് - അനുവദിച്ച നിരക്ക് - 1742.07/എം.3 |
| 2 | 3.14x{2.15xx2.15-1.80x1.80}x4 /4=4.36m3 | 5.97 m3 (5.88m3 ൽ പരിമിതപെടുത്തി) | 1.52@1669.03 =2537 | സ്ക്രീനിംഗ് & മെറ്റലിംഗ് - അനുവദിച്ച നിരക്ക് - 1669.03/എം.3 |
| 3 | 3.14x{4.2x4.2-3.9x3.9}x6/4 =11.45m3 | 23.73m3 | 12.28m3@1669.03=20496 | സ്ക്രീനിംഗ് & മെറ്റലിംഗ് - അനുവദിച്ച നിരക്ക് - 1669.03/എം.3 |
| | | ആകെ | 39844 രൂപ | |

ഖണ്ഡികയിൽ പരാമർശിച്ച നഷ്ടം അധിക വ്യാസത്തിൽ കിണർ കുഴിച്ചതിനുള്ള അധിക ചെലവ് പരിഗണിക്കാതെ ആവശ്യമായതിൽ കൂടുതൽ താഴ്ചയിൽ/കനത്തിൽ സ്ക്രീനിംഗ് മെറ്റൽ നിറച്ചതിനു വന്ന അധിക ചെലവ് മാത്രമാണ്. 39,844 രൂപ ഗ്രാമ പഞ്ചായത്തിനുണ്ടായ വ്യക്തമായ നഷ്ടത്തിലുൾപ്പെടുത്തുന്നു.

## 3-25 കുടിവെള്ള വിതരണ പദ്ധതി - വിശദ വിവരങ്ങൾ നൽകേണ്ടതാണ്

ഓഡിറ്റ് വർഷം നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾക്കായി ആകെ 203853 രൂപ ചുവടെ ചേർത്തിരിക്കുന്ന ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

| പദ്ധതി | വിശദ വിവരം | അപാകത |
|---|---|---|
| വടപുറം സ്കൂൾകുന്ന് കുടിവെള്ള വിതരണ പദ്ധതി<br>project -147/17<br>agreement-nil/13-2-17<br>കൺവീനർ-സക്കീർ ഹുസൈൻ<br>M.B- nil/16-17<br>ബിൽ - 93/31-3-17 | നിലവിലുള്ള കുടിവെള്ള പദ്ധതി ദീർഘിപ്പിക്കുന്നതാണ് ഈ പദ്ധതി. എന്നാൽ 1.5 HP മോട്ടോറിന്റെ വിലയായി 26700രൂപ അംഗീകരിച്ചിട്ടുണ്ട്. | നിലവിലുള്ള കുടിവെള്ള പദ്ധതി ദീർഘിപ്പിക്കുന്നതിന് 1.5 HP മോട്ടോറിന്റെ ആവശ്യകതയില്ല. |
| മേപ്പാടം പാറമ്മൽ ചെമ്പൻകുന്ന് കുടി വെള്ള വിതരണ പദ്ധതി<br>project -193/16 | നിലവിലുള്ള കുടിവെള്ള പദ്ധതി ദീർഘിപ്പിക്കുന്നതാണ് ഈ പദ്ധതി. എന്നാൽ 5 HP മോട്ടോറിന്റെ വിലയായി 86478രൂപ അംഗീകരിച്ചിട്ടുണ്ട്. | നിലവിലുള്ള കുടിവെള്ള പദ്ധതി ദീർഘിപ്പിക്കുന്നതിന് 5 HP മോട്ടോറിന്റെ ആവശ്യകതയില്ല. |

| | | |
|---|---|---|
| agreement-118/26-10-15<br>കൺവീനർ-ഉമ്മർ<br>M.B- 379/15-16<br>ബിൽ - 14/23-12-16 | | |
| പൊങ്ങല്ലൂർ ഷാപ്പിൻകുന്ന് കുടിവെള്ള വിതരണ പദ്ധതി<br>project -56/17<br>agreement-11/7-8-15<br>കൺവീനർ-ഹസ്സൻകുട്ടി<br>M.B- nil/16-17<br>ബിൽ - 50/29-3-17 | നിലവിലുള്ള കുടിവെള്ള പദ്ധതി ദീർഘിപ്പിക്കുന്നതാണ് ഈ പദ്ധതി. എന്നാൽ 5 HP മോട്ടോറിന്റെ വിലയായി 90675രൂപ അംഗീകരിച്ചിട്ടുണ്ട്. | നിലവിലുള്ള കുടിവെള്ള പദ്ധതി ദീർഘിപ്പിക്കുന്നതിന് 5 HP മോട്ടോറിന്റെ ആവശ്യകതയില്ല. |

കുടിവെള്ള വിതരണ പദ്ധതികളുടെ വിശദ വിവരങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം ഹാജരാക്കാനും, മുൻ കാലങ്ങളിൽ നടപ്പാക്കിയ പ്രവർത്തികളുണ്ടെങ്കിൽ ടി മരാമത്ത് പ്രവർത്തികളുടെ ഫയലുകളും ഹാജരാക്കാനും ഓഡിറ്റ് എൻക്വയറി 6 മുഖേന ആവശ്യപ്പെട്ടതിൽ ഈ പദ്ധതികളുടെ മോട്ടോറുകൾ കത്തി പോയതായിരുന്നുവെന്നും ഗുണഭോക്താക്കളുടെ നിരന്തരം പരാതി പരിഗണിച്ച് പുതിയവ സ്ഥാപിച്ചതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഈ വിവരങ്ങളൊന്നും പരാമർശിക്കാത്തതിനാലും, പഴയ മോട്ടോറിന്റെ ഡിസ്പോസൽ വിവരം, ലഭിച്ച തുകയുടെ വിവരം/ മോട്ടോർ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ച വിവരം കാണിക്കാത്തതിനാലും മോട്ടോർ സ്ഥാപിക്കുന്നതിന് ചെലവായ തുക 2,03,853/- തടസ്സം ചെയ്യുന്നു.

## 3-26 <u>പ്രബലിത സിമന്റ് കോൺക്രീറ്റിന് നിരക്ക് തെറ്റായി അനുവദിച്ചത്</u>

ഓഡിറ്റ് വർഷം നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തികയിൽ 1:2:4 അനുപാതത്തിലുള്ള പ്രബലിത സിമന്റ് കോൺക്രീറ്റിന് (ഇനം 5.7) നിരക്ക് തെറ്റായി അനുവദിച്ചത് മൂലം അധിക ചെലവുണ്ടായിട്ടുണ്ട്. DSR 2014 ഇനം 5.7 പ്രകാരം 30.48% cost index സഹിതം അനുവദനീയമായ നിരക്ക് 1m3 ന് 6236.77 രൂപ മാത്രമാണെന്നിരിക്കെ 7167.11 രൂപയാണ് അനുവദിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | അനുവദിച്ച അളവ് & മൂല്യം | അധിക ചെലവ് |
|---|---|---|
| പുളിക്കലൊടി മൃഗാശുപത്രി സബ്സെന്റർ നിർമ്മാണം<br>project -142/16<br>agreement-105/26-10-15<br>കൺവീനർ- എബ്രഹാം തോമസ്<br>M.B- 366/15-16<br>ബിൽ - 47/29-3-17 | 3.85m3<br>@7167.11/$M^3$=27593.37 | 3.85m3 @<br>(7167.11-6236.77)<br>=3582 |

നിരക്ക് തെറ്റായി അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി 5 മുഖേന ആവശ്യപ്പെട്ടതിൽ നിരക്ക് തെറ്റായി നൽകാനിടയായിട്ടുണ്ടെന്നും ആയത് സാങ്കേതിക അനുമതി നൽകുന്ന വേളയിൽ സംഭവിച്ച പിഴവാണെന്നും അറിയിച്ചിട്ടുണ്ട്. തുക അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-27 റോഡ് കോൺക്രീറ്റിന് ഉയർന്ന നിരക്ക് അനുവദിച്ചത്

ഓഡിറ്റ് വർഷം നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന റോഡ് കോൺക്രീറ്റിംങ്ങ് പ്രവർത്തികളിൽ 1:4:8 അനുപാതത്തിൽ സബ്ബേസ് പ്രതലം രൂപപ്പെടുത്തിയതിന് മുകളിൽ 1:2:4 അനുപാതത്തിൽ ബേസ് പ്രതലം രൂപപ്പെടുത്തുന്നതിന് DSR ഇനം 11.7 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ടി പ്രവർത്തിക്ക് ഇനം 4.1.3 അനുവദിച്ചാൽ മതിയെന്നിരിക്കെ ഉയർന്ന നിരക്കായ ഇനം 11.7 അനുവദിച്ചതിനാൽ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | അനുവദിച്ച അളവ് & മൂല്യം (DSR 2014 +36.19 % cost index ) | അധിക ചെലവ് |
|---|---|---|
| ചാലിൽ അഹമ്മദ്കുട്ടി റോഡ്<br>project -34/16<br>agreement-124/1-12-15<br>കൺവീനർ-ഷരീഫ്<br>M.B- nil/15-16<br>ബിൽ - 4/21-1-17 | 11.843m3 @ 6534.44 =77387.37 | 11.843m3 @ (6534.44-6202.11)<br>=3935.78 |
| കുട്ടികുന്ന് കാട്ടുമുണ്ട ശങ്കരൻ റോഡ്<br>project -75/17<br>agreement-152/15-16<br>കൺവീനർ-അജിത്കുമാർ<br>M.B- 413/15-16<br>ബിൽ - 27/17-3-17 | 6.836m3@6534.44<br>=44669.43 | 6.836m3@(6534.44-6202.11)<br>=2271.81 |

ഉയർന്ന നിരക്ക് അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി 4 മുഖേന ആവശ്യപ്പെട്ടതിൽ തുടർന്നുള്ള വർഷങ്ങളിൽ അനുവദനീയമായ നിരക്ക് മാത്രമേ അനുവദിച്ചിട്ടുള്ളു എന്നറിയിച്ചിട്ടുണ്ട്. അധിക ചെലവ് 6208രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-28 പൊതുമരാമത്ത് പ്രവൃത്തികൾ - നേരിടുന്ന പ്രശ്നങ്ങൾ

1. പ്രവൃത്തികളുടെ ബാഹുല്യം

2016-117 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 37.7ശതമാനം (ആകെ ചെലവ്-40441189രൂപ, അസി.എഞ്ചിനീയർ-157233663രൂപ) പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട്

വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 167പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 102എണ്ണം നടപ്പാക്കി. (മറ്റ് നിർവഹണ ഉദ്യോഗസ്ഥർ എല്ലാവർക്കും കൂടി 90 പ്രോജക്ടുകൾ ഉള്ളതിൽ 53എണ്ണവും നടപ്പാക്കി) ഒരു അസി.എഞ്ചിനീയർ, 2 ഓവർസിയർ ഉൾപ്പെടുന്ന (ഒരു ഓവർസീയർ താൽക്കാലികം )എൽ സ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗം മാത്രമാണ് ഓഡിറ്റ് കാലയളവിൽ ഉണ്ടായിരുന്നത്. മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്നു.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

2.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും ആയതിനായി പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപന മേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശ ഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

3.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ മൊത്തം നടപ്പാക്കിയ 80 റോഡ് പ്രവൃത്തികളിൽ 3 പ്രവൃത്തികൾ മാത്രമാണ് ടാറിംഗ് നടത്തിയിട്ടുള്ളത് (പദ്ധതി തയ്യാറാക്കിയത് 7 പ്രവൃത്തികൾക്കും) ബാക്ക് 77 എണ്ണവും കോൺക്രീറ്റ് പ്രവൃത്തികളാണ്. ടി പ്രവൃത്തികൾ പരിശോധിച്ചതിൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നു. മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ് ഇത് ചെയ്യുന്നത്. എസ്റ്റിമേറ്റിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്. വീതി 3 മീറ്ററിൽ താഴെയുള്ള നടപ്പാതകളിൽ പൂർണ്ണമായും കോൺക്രീറ്റിംഗാണ് നിർവ്വഹിക്കുന്നത്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങൾ ഒരുക്കി നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തി വെക്കുന്ന കോൺക്രീറ്റിംഗ് ആവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്ത് ഭരണസമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും മേൽ നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

4 . ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിലെ അപാകതകൾ

ഓഡിറ്റ് വർഷം നടപ്പാക്കിയ പ്രവൃത്തികളിൽ 2 എണ്ണം മാത്രമാണ് കരാറുകാരെ ഏൽപ്പിച്ചിട്ടുള്ളത് (ടി പ്രവൃത്തികളുടെ ബില്ലുകൾ ഓഡിറ്റ് വർഷം നൽകിയിട്ടില്ല) ബാക്കി മുഴുവൻ (തുക നൽകിയതും, നൽകാനുള്ളതുമായ പ്രവൃത്തികൾ) പ്രവൃത്തികളും കൺവീനർമാർ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. ടി മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1.മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല.

2.പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്‌പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്‌പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്. സമിതി രൂപീകരണം, പ്രവർത്തനം, തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, ബില്ലുകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദേശം മേൽ ചട്ടത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിലൊന്നും ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല. പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു

3.പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത സഹകരണ ബാങ്കിൽ/ഗ്രാമീണ ബാങ്കിൽ സമിതി ചെയർമാന്റെയും, കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിലൊന്നും ഇത്തരത്തിൽ അക്കൗണ്ട് തയ്യാറാക്കി കൂലി, മെറ്റീരിയൽസ് തുടങ്ങിയ ചെലവുകളൊന്നും ഇത്തരത്തിലുള്ള അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നില്ല.

4.പ്രവൃത്തിക്കുവേണ്ടി നിയോഗിക്കുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, മേൽവിലാസം, അച്ഛന്റെ പേര്, ഹാജർ വിവരം, വേതന നിരക്ക്, വേതനം എന്നീ വിവരങ്ങൾ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ മസ്റ്റർ റോളുകളിലൊന്നും തന്നെ ഇത്തരത്തിലുള്ള വിവരങ്ങളൊന്നും ചേർത്തിട്ടില്ല. എന്നു മാത്രമല്ല തൊഴിലാളികളുടെ ഒപ്പ് പോലും സംശയിക്കതക്കവിധത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്.

5.പ്രവൃത്തിക്ക് ആവശ്യമായ എല്ലാ നിർമ്മാണ സാധനങ്ങളും ഗുണ.സമിതിയുടെ അംഗീകാരത്തിന് വിധേയമായി വാങ്ങേണ്ടതും ക്യാഷ് ബില്ലും രശീതിയും വാങ്ങിക്കേണ്ടതും ക്രമ നമ്പറിട്ട് സൂക്ഷിക്കേണ്ടതുമാണ്. സിമന്റ്, കമ്പി, സ്റ്റീൽ എന്നിവ അംഗീകൃത ഡീലറിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ. എന്നാൽ 90 % ബില്ലുകളും രശീതികളും വ്യക്തികളിൽ നിന്നുള്ളതാണ് ഹാജരാക്കിയിട്ടുള്ളത്. സിമന്റിന്റെയും സ്റ്റീലിന്റെയും ബിറ്റുമന്റെയും ബില്ലുകൾ അംഗീകൃത ഡീലർമാരിൽ നിന്നുള്ളത് (ഫോറം 8 B പ്രകാരമുള്ളത്) ഹാജരാക്കിയിട്ടില്ല. ഇൻവോയ്സ് ബില്ലുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

6.ജി.ഒ.(പി)-259 /2010 ത. സ്വ.ഭ.വ 8-11-2010 ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും, തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുടേയും, കൈമാറികിട്ടിയ സ്ഥാപനങ്ങളിലെയും, പ്രവൃത്തികൾ നിർവഹിക്കുമ്പോൾ മാർഗ്ഗരേഖ പാലിക്കണമെന്ന് നിഷ്കർച്ചിട്ടുള്ളതുമാണ്. എന്നാൽ പഞ്ചായത്ത് നടപ്പാക്കിയ ഇത്തരം പ്രവൃത്തികളിലെല്ലാം അടങ്കലിൽ ഉൾപ്പെടുത്തിയ തുക പൊതുമരാമത്ത് നിരക്കെന്നപോലെ കൺവീനർ ഹാജരാക്കുന്ന രശീതിയുടെ (സ്ഥാപനങ്ങൾ ടി സാധനങ്ങളുടെ അംഗീകൃത വിതരണക്കാരെന്ന് ഉറപ്പുവരുത്തിയിട്ടില്ല) ഗ്രാമ പഞ്ചായത്ത്

പ്രൊക്യർമെന്റ് കമറ്റി രൂപീകരിക്കുകയോ കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെറ്റീരിയൽസ് വാങ്ങിയതായോ കാണുന്നില്ല. ഇക്കാര്യത്തിൽ ഏററവും കുറഞ്ഞ തുകയിൽ സാധനങ്ങൾ സംഭരിക്കുന്നതിനുള്ള യാതൊരുവിധ നടപടികളും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

7.ടാറിംഗ് പ്രവൃത്തികൾക്ക് ഡീലർമാരിൽ നിന്നുള്ള ബിൽ ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും കൺവീനർമാർ മുഖേന നടപ്പാക്കിയ ഒരു പ്രവൃത്തിയിൽ പോലും ഡീലർമാരിൽ നിന്നുള്ള ബിൽ ഹാജരാക്കിയിട്ടില്ല. പകരം ചില പ്രവൃത്തികളിൽ സിഡ്ക്കോയിൽ നിന്നുള്ള ഇൻവോയ്സ് ബിൽ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

8.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് നിർവഹണ ഉദ്യോഗസ്ഥൻ സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ബിൽ തുക അനുവദിക്കേണ്ടത് എസ്റ്റിമേറ്റിനെ അടിസ്ഥനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ്. എന്നാൽ വരവ് ചെലവ് കണക്ക് നിർവഹണ ഉദ്യോഗസ്ഥൻ സൂക്ഷ്മ പരിശോധന നടത്താത്തതിനാൽ എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് അനുവദിക്കുന്നു. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നുമില്ല.

കരാർ മുഖേന പ്രവൃത്തികൾ ചെയ്യുമ്പോൾ സേവിംഗ്സ് ആയി ഭീമമായ തുക കണ്ടെത്താനും ടി തുക കൊണ്ട് വീണ്ടും പ്രൊജക്ടുകൾ നടപ്പാക്കാനും കഴിയുമെന്ന് ഭരണസമിതിയെ പ്രത്യകം ഓർമ്മിപ്പിക്കുന്നു.

5.ഒരു വർഷം കൊണ്ട് പൂർത്തിയാക്കേണ്ട പ്രവൃത്തി വർഷങ്ങളായി കഷണം കഷണങ്ങളാക്കി ചെയ്തു പോരുന്നു.

2016-17 വർഷത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ പരിശോധിച്ചതിൽ 5 ലക്ഷത്തിലധികരിച്ച ചുവടെ ചേർത്തിരിക്കുന്ന മൂന്ന് പ്രവൃത്തികൾ മാത്രമാണെന്ന് കാണുന്നു.

പഞ്ചായത്ത് ഓഫീസ് പുനരുദ്ധാരണം, വനിത സൗഹൃത വിശ്രമ കേന്ദ്രം (പ്രവർത്തി 2016-17 വർഷത്തിൽ പൂർത്തിയായിട്ടില്ല), ടാണ അംഗനവാടി കെട്ടിടം, (2015-16 വർഷത്തേത്). ടി പ്രവൃത്തികൾക്ക് പുറമെ വിവിധ കെട്ടിട പുനരുദ്ധാരണം, കുടിവെള്ള വിതരണം ദീർഘിപ്പിക്കൽ, അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയ 28 പ്രവൃത്തികൾ മാത്രമാണ് പ്രവൃത്തി പൂർത്തിയാക്കി പ്രയോജനപെടുത്തുന്നതിനാവശ്യമായ ഏറ്റവും ചുരുങ്ങിയ അടങ്കലുൾപ്പെടുത്തി നിർവഹിച്ചു കാണുന്നത്. റോഡ് പ്രവൃത്തികൾ ഏതാണ്ട് 100 മുതൽ 200 മീറ്റർ മാത്രമാണ് ചെയ്തു കാണുന്നത്. കുടിവെള്ള പദ്ധതികളാകട്ടെ മൂന്നും നാലും വർഷങ്ങൾ കൊണ്ട് മാത്രമാണ് പൂർത്തിയാക്കി കാണുന്നത്. 2016-17 വർഷത്തിൽ നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികളിൽ നിന്നും ഇത് വ്യക്തമാണ്.

| പ്രവൃത്തിയുടെ വിവരം, ചെലവ് വിവരം | നടപ്പാക്കിയ പ്രവൃത്തികൾ | അവശേഷിക്കുന്ന പ്രവൃത്തികൾ |
|---|---|---|
| ചെറുമുണ്ട Sc കോളനി<br>4 ലക്ഷം | കിണർ, പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, പവർ കണക്ഷൻ, കിണർ റിംഗ്, ഡിസ്ട്രിബ്യൂഷൻ (45 m) | മോട്ടോർ. &ഡിസ്ട്രിബ്യൂഷൻ |
| കമ്പനികുന്ന് കുടിവെള്ള പദ്ധതി<br>2 ലക്ഷം | പമ്പിംഗ് മെയിൻ, പവർ കണക്ഷൻ, പമ്പ് ഹൗസ് | ഡിസ്ട്രിബ്യൂഷൻ |

വിവിധ കുടിവെള്ള പദ്ധതികളുടെ ദീർഘിപ്പിക്കലിനായി അനുവദിച്ച വിവിധ പദ്ധതികളിൽ മോട്ടോറിന്റെ വില കൂടി അംഗീകരിച്ച് കാണുന്നു. ഇത് സംബന്ധിച്ച അപാകത ഇ റിപ്പോർട്ടിൽ പ്രത്യകം ഖണ്ഡികയായി

ചേർത്തിട്ടുണ്ട്.

നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ കെട്ടിട നിർമ്മാണമാണെങ്കിൽ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെ മുഴുവൻ പ്രവൃത്തികൾക്കും ഉൾപ്പെടുത്തണമെന്നും, കുടിവെള്ള പദ്ധതിയാണെങ്കിൽ കുടിവെള്ള വിതരണത്തിനായുള്ള മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്തണമെന്ന് പദ്ധതി മാർഗ്ഗരേഖ സ.ഉ നമ്പർ 4/2016 തസ്വഭവ 11-1-16 ഖണ്ഡിക 13 ൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും പാലിക്കാതെയാണ് പദ്ധതി തയ്യാറാക്കി നിർവഹിച്ചിട്ടുള്ളത്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഓഡിറ്റ് വർഷത്തിൽ സംയുക്ത പ്രൊജക്ടുകൾക്ക് ഫണ്ട് ലഭിച്ചിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | നടുവക്കാട് ട്രൈബൽ ഹോസ്റ്റൽ കുടിവെള്ള പദ്ധതി | ബി.നം. 51601029 | 50,000 | 0 | 84000 (പദ്ധതിയുടെ അടങ്കൽ 134000 രൂപ ആയിരുന്നെങ്കിലും പിന്നീട് 50000 രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്) |
| | തോട്ടിന്റക്കര കാമ്പ്രത്ത് പ്രദേശം KWA പൈപ്പ് ലൈൻ നീട്ടൽ | ബി.നം. 51601024 ,തി. 17.03.2017 | 75000 | 0 | 75000 |
| | KWA കുടിവെള്ള സർവ്വെ മാപ്പ് | ഡി.ഡി.നം 524862 , 524864 തി.31.12.2016 | 300000 | 0 | 300000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവർത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവും വായ്പ തിരിച്ചടവുമില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 72332/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2015-16 | 2.1 | 400 | മുഹമ്മദ് മൽസൂർ | 11613101801/30.12.2016 |
| | 2.1 | 200 | മുഹമ്മദ് മൽസൂർ | 11613101802/30.12.2016 |
| | 2.1 | 100 | അബ്ദുൾ ലത്തീഫ് | 11613101706/28.12.2016 |
| | 2.2 | 53360 | സൂസൺ രാജ് | 11613104326/16.03.2017 |
| | 2.3 | 18272 | ന്യൂ ലൈഫ് ഹോസ്പിറ്റൽ | 11613103232/09.03.2017 |
| ആകെ | | 72332 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1994-95 | 21 | 2001-02 | 21 | സ്റ്റോർ പർച്ചേസ് ചട്ട ലംഘനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| | | 2012-13 | | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് (തൊഴിലുറപ്പ് പദ്ധതി ) | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2011-12 | | 2014-15 | 3.1 | നിഷ്ക്രിയ ആസ്തികൾ-അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2011-12 | | 2014-15 | 3.2 | മണൽ വാരൽ-അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65458795 (മുൻബാക്കി ഉൾപ്പടെ ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56054989 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 5998 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 54484 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1476966 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 3098 | -------- | ശ്രീ. ആർ.പി. സുബ്രഹ്മണ്യൻ, സെക്രട്ടറി |
| 2-2 | 2500 | -------- | ശ്രീ.അവിസന്ന.പി, സെക്രട്ടറി |
| 2-3 | 100 | -------- | ശ്രീ.എം.ജിനചന്ദ്രൻ,സെക്രട്ടറി |
| 2-4 | 3300 | -------- | ശ്രീ.ആർ.പി.സുബ്രഹ്മണ്യൻ, സെക്രട്ടറി |
| 3-17 | ------ | 4850 | ഡോ. ആയിശക്കുട്ടി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മമ്പാട് |
| 3-24 | ------ | 39844 | ശ്രീമതി. ആസിഹാ ബീവി, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മമ്പാട് |

| | | | |
|---|---|---|---|
| 3-26 | ----- | 3582 | ശ്രീമതി.ആസിഹാ ബീവി, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മമ്പാട് |
| 3-27 | ------ | 6208 | ശ്രീ.സഞ്ചു.പി.നായർ, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മമ്പാട് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3- 2 | 5,00,000 | ശ്രീ . ആർ.പി. സുബ്രഹ്മണ്യൻ, സെക്രട്ടറി |
| 3-9 | 95,000 | ശ്രീ . ആർ.പി. സുബ്രഹ്മണ്യൻ, സെക്രട്ടറി |
| 3-18 | 1,00,000 | ശ്രീ.ബി.തങ്കപ്പൻ, ഹെഡ്മാസ്റ്റർ |
| 3-19 | 3,10,000 | ഡോ. ആയിശക്കുട്ടി.ഇ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മമ്പാട് |
| 3-22 | 1,53,113 | ഡോ.അബ്ദുന്നാസർ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-23 | 1,15,000 | ഡോ. ആയിശക്കുട്ടി.ഇ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മമ്പാട് |
| 3-25 | 2,03,853 | ശ്രീമതി.ആസിഹാ ബീവി, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മമ്പാട് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | സ്ഥാപനം |
|---|---|---|
| 3-4 | 4134 | ആദായ നികുതി |
| 3-5 | 303937 | ഗ്രന്ഥശാലാവരി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.ജിനചന്ദ്രൻ, സെക്രട്ടറി | സെക്രട്ടറി, പോരൂർ ഗ്രാമപഞ്ചായത്ത് | മഠത്തിൽ ഹൗസ്,<br>വെള്ളിയമ്പാടം,<br>ചന്തക്കുന്ന്.പി.ഒ, നിലമ്പൂർ |
| ശ്രീ.അവിസന്ന. പി, സെക്രട്ടറി ഇൻ ചാർജ്ജ് | അസിസ്റ്റന്റ് സെക്രട്ടറി, എടവണ്ണ ഗ്രാമപഞ്ചായത്ത് | പെരുമുണ്ട ഹൗസ്, വാണിയമ്പലം (പി.ഒ). |
| ശ്രീ.ആർ.പി.സുബ്രഹ്മണ്യൻ, സെക്രട്ടറി | സെക്രട്ടറി, മമ്പാട് ഗ്രാമപഞ്ചായത്ത് . | S/O അയ്യപ്പൻ ആർ.പി, രാമത്ത് പറമ്പിൽ ഹൗസ് , ചക്കാലക്കുത്ത്, നിലമ്പൂർ |
| ശ്രീമതി. ആസിഹാ ബീവി, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മമ്പാട് | താത്ക്കാലിക സേവനത്തിൽ നിന്നും 15-06-2017 ന് വിടുതൽ ചെയ്തു . | ചിറക്കര കടവിൽ,<br>വക്കം .പി.ഒ,<br>തിരുവനന്തപുരം |
| ഡോ.ആയിശക്കുട്ടി,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി, മമ്പാട് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മമ്പാട് | ഇളേടത്ത്, നസീറ മൻസിൽ, നിലമ്പൂർ .പി.ഒ. |
| ശ്രീ. സഞ്ചു . പി നായർ, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മമ്പാട് | അസിസ്റ്റന്റ് എഞ്ചിനീയർ , തിരുവാലി ഗ്രാമപഞ്ചായത്ത് | TC 5704 പത്മ വിലാസം ലൈൻ, പേരൂർക്കട, തിരുവനന്തപുരം - 675005 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1985-86 | എൽ.എഫ്.എം.6/854/10 തി.03.09.2010 | 1 | |
| 1986-87<br>1987-88 | എൽ.എഫ്.എം.6/855/10 തി.03.09.2010 | 6 | |
| 1988-89<br>1989-1990 | എൽ.എഫ്.എം.6/856/10 തി.03.09.2010 | 4 | |
| 1991-1992 | എൽ.എഫ്.എം.6/857/10 തി.03.09.2010 | 2 | |
| 1992-1993<br>1993-1994 | എൽ.എഫ്.എം.6/858/10 തി.03.09.2010 | 3 | |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1989-1990 മുതൽ 1995-96 വരെ (ജെ.ആർ.വൈ) | എൽ.എഫ്.എം.6/856/10 തി.03.09.2010 | 13 | |
| 1995-96 | എൽ.എഫ്.എം.6/860/10 തി.03.09.2010 | 6 | |
| 1996-97 | എൽ.എഫ്.എം.6/2240/08 തി.22.05.2009 | 1 | |
| 1997-98 പ്ലാൻ ഒഴികെ | എൽ.എഫ്.എം.6/2241/08 തി.22.05.2009 | 4 | |
| 1998-99 പ്ലാൻ ഒഴികെ | എൽ.എഫ്.എം.5/1996/2009തി.14.09.2010 | 6 | |
| 1999-00പ്ലാൻ ഒഴികെ | എൽ.എഫ്.എം.6/2243/08തി.22.05.2009 | 6 | |
| 2000-01പ്ലാൻ ഒഴികെ | എൽ.എഫ്.എം.6/2224/08തി.22.05.2009 | 2 | |
| 2000-01 | എൽ.എഫ്.എം.6/1810/04തി.13.08.2004 | 4 | |
| 2001-02 | എൽ.എഫ്.എം.6/809/2004തി.01.09.2004 | 26 | |
| 2002-03 | എൽ.എഫ്.എം.6/209 /2005തി.28.09.2005 | 16 | |
| 2003-04 | എൽ.എഫ്.എം.6/1799 /2006തി.28.03.2007 | 13 | |
| 2004-05 | എൽ.എഫ്.എം.6/2245/08തി.12.08.2009 | 8 | |
| 2005-06 | എൽ.എഫ്.എം.6/2163/09തി.08.03.2010 | 12 | |
| 2006-07 | എൽ.എഫ്.എം.6/2164/09തി.08.03.2010 | 14 | |
| 2007-08 | എൽ.എഫ്.എം.7/87/2011തി.12.05.2011 | 16 | |
| 2008-09 | എൽ.എഫ്.എം.7/88/2011തി.12.05.2011 | 25 | |
| 2009-10 2010-11 | എൽ.എഫ്.എം.7/976/20113തി.21.06.2013 | 23 | |
| 2011-12 | എൽ.എഫ്.എം.7/3562/2014 തി.13.07.2015 | 20 | |
| 2012-13 2013-14 | എൽ.എഫ്.എം.7/1410/2015 തി.01.08.2015 | 27 | |
| 2014-15 | കെ.എസ്.എ.എം.പി.എം.26/731/2016 തി.28.04.2016 | 20 | |
| 2015-16 | കെ.എസ്.എ.എം.പി.എം.26/3447/2016 തി.31.01.2017 | 28 | |

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം.26/1803/2017

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി .08-09-2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മമ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷികധനകാര്യ പത്രിക വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003 ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

## അനുബന്ധം - 2

# Audit certificate

No. KSA/MPM.26/1803/2017

District Office, Malappuram.
Kerala State Audit Department,

Date .08-09-17

Certified that I have Audited the Annual Financial Statement of Mampad Grama Panchayath in Malappuram District for the year 2016-17 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidelines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Mampad Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

DeputyDirector,

Kerala State Audit Department,
District Office, Malappuram.